# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാടക്കത്തറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി8)1939/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 20/12/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാടക്കത്തറ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി8)1939/2023 തീയ്യതി: 20/12/2023

## തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 15-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു പി. എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 27-11-2023 | 04-12-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-11-2023 | 04-12-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ജയകൃഷ്ണൻ എസ്., ഓഡിറ്റ് ഓഫീസർ

പ്രവിദ പി. എ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

സിജു പി. ഡാംസൺ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

രേഖ ഇ. സി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഇന്ദിര മോഹനൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| രാജേശ്വരി എം. | സെക്രട്ടറി | 01-04-2022 | 31-05-2022 |
| രാജേഷ് ജി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 28-09-2022 |
| ശ്രീകല വി. ജി. | സെക്രട്ടറി | 29-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജേഷ് ജി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| അർച്ചന വിശ്വനാഥ് | അഗ്രിക്കൾച്ചർ ഓഫീസർ | 01-04-2022 | 31-03-2023 |
| ബിന്ദു ബാലകൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2022 | 28-01-2023 |
| ഡോ. ശരണ്യ എം. ജി. | വെറ്ററിനറി സർജൻ | 29-01-2023 | 31-03-2023 |
| കാസിം യു. കെ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ. ആശ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ജോയ്നി ജേക്കബ്ബ് എം. | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 01-04-2022 | 31-03-2023 |
| അർജ്ജുൻ വിജയൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കരുവൻക്കാട് സർക്കിൾ) | 01-04-2022 | 31-10-2022 |
| അന്നുപിയ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കരുവൻക്കാട് സർക്കിൾ, ഇൻചാർജ്) | 01-11-2022 | 05-01-2023 |
| രേവതി കെ. ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കരുവൻക്കാട് സർക്കിൾ) | 06-01-2023 | 31-03-2023 |
| അന്നുപിയ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വെള്ളാനിക്കര സർക്കിൾ) | 01-04-2022 | 31-03-2023 |
| ആൻസി ജോസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 01-01-2023 |
| രമ്യമോൾ കെ. കെ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 02-01-2023 | 31-03-2023 |
| പ്രവിദ കെ. ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ (LSGD) | 01-04-2022 | 31-03-2023 |
| സുഷമ സി. വി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 16-01-2023 |
| സ്മൃതി വാസുദേവൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 17-01-2023 | 31-03-2023 |
| ഡോ. രാഹുൽ കെ. കെ. | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിൽ വ്യത്യാസം | 1-1-2 |
| 4 | ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്നതായി കണക്കാക്കപ്പെടുന്ന ഗുണഭോക്തൃവിഹിതം വാർഷികകണക്കിൽ ചേർത്തു | 1-1-3 |
| 5 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ചെക്ക് നിക്ഷേപിച്ചു-ബാങ്കിൽ ക്രെഡിറ്റ് ആയില്ല | 1-1-5 |
| 7 | വികസന ഫണ്ട്-എസ്.സി.പി -യഥാർത്ഥ ചെലവും വാർഷികകണക്കും വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-6 |
| 8 | വസ്തു നികുതി -റെസിഡെൻഷ്യൽ–ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ–ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ആസ്തി രജിസ്റ്റർ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല | 1-1-9 |
| 11 | തൊഴിലുറപ്പ് പദ്ധതിയുടെ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുക രേഖപ്പെടുത്തിയതിൽ വ്യത്യാസം | 1-1-10 |
| 12 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ–അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല | 1-1-11 |
| 13 | വസ്തു നികുതി - സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ നടത്തുന്നില്ല | 1-1-12 |
| 14 | Prior Period -ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല | 1-1-13 |
| 15 | തെറ്റായ ശീർഷകങ്ങളിൽ ബുക്ക് ചെയ്തു | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | ഫണ്ട് വിനിയോഗം | 1-3 |
| 18 | പദ്ധതി അവലോകനം | 1-4 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 20 | ക്ഷേമപെൻഷനുകൾ | 1-6 |
| 21 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 23 | ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ–അവലോകനം | 1-9 |
| 24 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-10 |
| 25 | ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-11 |
| 26 | അനധികൃതമായി പന്നിഫാമുകൾ പ്രവർത്തിക്കുന്നു | 1-12 |
| 27 | വസ്തുനികുതി ഒഴിവാക്കൽ | 1-13 |
| 28 | സസ്യ നഴ്സറികൾക്ക് വ്യാപാര സംരംഭക ലൈസൻസ് എടുക്കുന്നില്ല | 1-14 |
| 29 | എച്ച്.എം.സി. വാർഷിക കണക്കുകളുടെ ഓഡിറ്റ് | 1-15 |
| 30 | കറവ പശു പദ്ധതി- ഗുണഭോക്താക്കൾക്ക് വായ്പ ലഭ്യമായതിനോ വായ്പ തുക ഉൾപ്പെടെ പശുവിന്റെ വില അതാത് വില്പനക്കാരന് ബാങ്ക് കൈമാറിയതിനോ രേഖകൾ ഇല്ല.750000 രൂപ തടസ്സപ്പെടുത്തുന്നു. | 1-16 |
| 31 | മൃഗാശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ– 3 മൃഗാശുപത്രികളിലേയ്ക്ക് മരുന്ന് വീതിച്ച് നല്കിയതിന്റെയും സ്റ്റോക്ക് എൻട്രി നടത്തിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയില്ല- ചെലവ് | 1-17 |

| | | |
|---|---|---|
| | തുക 599999 രൂപ തടസ്സപ്പെടുത്തുന്നു | |
| 32 | കന്നുകുട്ടി പരിപാലന പദ്ധതി- ബ്ലോക്ക് വിഹിതം നല്കിയതിന് കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല-200000 രൂപ തടസ്സപ്പെടുത്തുന്നു. | 1-18 |
| 33 | മുട്ടക്കോഴി വളർത്തൽ– കോഴികുഞ്ഞുങ്ങളെ കിട്ടിയത് ഗുണഭോക്താക്കൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല- 105000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-19 |
| 34 | ഭിന്നശേഷിക്കാർക്ക് ആട് വിതരണം– ആടിനെ സപ്ലൈ ചെയ്തതിന്റെ ഇൻവായ്സ് തുക നല്കിയതിന്റെ കൈപ്പറ്റ് രസീത് എന്നിവ ഇല്ല -75000 രൂപ തടസ്സപ്പെടുത്തുന്നു | 1-20 |
| 35 | തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി- ടെണ്ടർ നടപടി ക്രമങ്ങളിൽ അപാകം-10,90,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-21 |
| 36 | ലൈഫ് ഭവന പദ്ധതി - 4,50,000 രൂപ ധനസഹായം നല്കി- 50,000 രൂപ തിരികെ ഈടാക്കേണ്ടതാണ് | 1-22 |
| 37 | "ഗ്രാമശ്രീ" -ഭവന നിർമാണ ബോർഡിന്റെ പ്രോജക്റ്റിന് 5 ഗുണഭോക്താക്കൾക്ക് വേണ്ടി ഗ്രാമപഞ്ചായത്ത് നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-23 |
| 38 | ബാലസഭ-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം തുക ചെലവഴിച്ച -24000/- രൂപ തടസ്സപ്പെടുത്തുന്നു | 1-24 |
| 39 | എസ്റ്റിമേറ്റ് ഇല്ലാതെയും കരാറിലേർപ്പെടാതെയും കെഎസ്ഇബി യ്ക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾ ചെയ്യുന്നതിന് മുൻകൂർ നല്കി | 1-25 |
| 40 | പരിശീലന പരിപാടി- പങ്കെടുത്തവരുടെ എണ്ണം പരിഗണിക്കാതെ തുക നല്കിയതിനാൽ -12,000 രൂപ അധികം നല്കിയത് നിരാകരിക്കുന്നു | 1-26 |
| 41 | കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്ത് മുതൽക്കൂട്ടേണ്ടതാണ്. | 1-27 |
| 42 | കരാറിലേർപ്പെടാതെ PWDയ്ക്ക് ഡെപ്പോസിറ്റ് പ്രവൃത്തി ചെയ്യുന്നതിന് മുൻകൂർ നല്കി. | 1-28 |
| 43 | അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിലേക്ക് ഫർണീച്ചർ വാങ്ങിയത് - അപാകതകൾ | 1-29 |
| 44 | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - പദ്ധതിയിലെ അപാകങ്ങൾ | 1-30 |
| 45 | മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ലൈഫ് ഭവന പദ്ധതി - 4,50,000 രൂപ ധനസഹായം നല്കി- 50,000 രൂപ തിരികെ ഈടാക്കേണ്ടതാണ്. | 3-1 |
| 2 | പരിശീലന പരിപാടി- പങ്കെടുത്തവരുടെ എണ്ണം പരിഗണിക്കാതെ തുക നല്കിയതിനാൽ -12,000 രൂപ അധികം നല്കിയത് നിരാകരിക്കുന്നു | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്ക് സംക്ഷിപ്തം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 04.07.2023 തീയതിയിലെ 8(1) നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 10.07.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: തൃശ്ശൂർ**

**തീയതി: 20.12.2023**

**ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, Notes To Accounts എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

### 1-1-2 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിൽ വ്യത്യാസം

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടിയിരുന്നതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 172003537 |
| ആകെ ചെലവ് (B)* | | 175532142 |
| മിച്ചം തുക C= A-B | | -3528605 |
| Prior Period Income (I-19) | 46371 | |
| Prior Period Expenditure (I-18) | -187449 | |
| Net Difference Between Prior Period Income And Expenses (D)(I-19-I-18) | | 233820 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) = C+D | | -3294785 |

എന്നാൽ Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത് -3387527/-രൂപയാണ്. (-3528605-46371+187449).

## 1-1-3 ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്നതായി കണക്കാക്കപ്പെടുന്ന ഗുണഭോക്തൃവിഹിതം വാർഷികകണക്കിൽ ചേർത്തു

പ്രോജക്റ്റിന്റെ ഭാഗമായി ഗുണഭോക്താവ് നേരിട്ട് ചെലവഴിച്ചത്/ഗുണഭോക്താവിന് നേരിട്ട് ലഭിക്കുന്ന വായ്പയിലൂടെ ചെലവഴിച്ചത് എന്ന് കരുതുന്ന തുകകൾ പഞ്ചായത്തിന്റെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ വരുമാനമായും ചെലവായും രേഖപ്പെടുത്തിയിരിക്കുന്നതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഗുണഭോക്താവ് ഗുണഭോക്തൃവിഹിതമായി ഈ തുക പഞ്ചായത്തിൽ അടച്ചിട്ടില്ലാത്തതിനാലും പഞ്ചായത്ത് ഈ തുക ചെലവഴിച്ചിട്ടില്ലാത്തതിനാലും ഓരോ ഗുണഭോക്താവും നേരിട്ട് ചെലവഴിക്കുന്ന തുക എത്രയെന്ന് വ്യക്തമായി കണക്കാക്കാൻ സാധിക്കാത്തതിനാലും ഇപ്രകാരം പ്രോജക്റ്റിൽ ഗുണഭോക്താവ് നേരിട്ട് ചെലവഴിക്കേണ്ടി വരുമെന്ന് കരുതുന്ന തുക രേഖപ്പെടുത്തിയിട്ടുള്ളത് പ്രോജക്റ്റ് നടപ്പിലാക്കിയ ശേഷം അതേപടി പഞ്ചായത്തിന്റെ കണക്കിൽ വരുമാനവും ചെലവും ആയി രേഖപ്പെടുത്തിയിരിക്കുന്നത് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിലെ താഴെ ചേർത്തിരിക്കുന്ന ശീർഷകങ്ങളിലെ തുകകൾ ഇപ്രകാരം കൂടുതലായി വരുമാനവും ചെലവുമായി ചേർത്തിരിക്കുന്നു .

| പ്രോജക്റ്റ് | വൗച്ചർ | തീയതി | തുക | രേഖപ്പെടുത്തൽ നടത്തിയതിന്റെ ഉദ്ദേശ്യം | വരുമാനവും ചെലവുമായി രേഖപ്പെടുത്തിയ ശീർഷകങ്ങൾ |
|---|---|---|---|---|---|
| 11-കന്നുകുട്ടി പരിപാലന പദ്ധതി (അടങ്കൽ - വികസനഫണ്ട് ജനറൽ 425000, ബ്ലോക്ക് വിഹിതം- 200000, ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്നത് 625000, ആകെ 12,50,000) | **42201343** | 31/3/23 | 625000 | ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കേണ്ടതായി വരുമെന്ന് സങ്കല്പിക്കപ്പെടുന്ന തുക,പ്രോജക്റ്റിൽ മുൻകൂട്ടി കണക്കാക്കിയത് വാർഷികകണക്കിൽ രേഖപ്പെടുത്തുന്നതിനുള്ള എൻട്രി. | "160102601 -Beneficiary Contribution (Utilised)" എന്ന ശീർഷകത്തിൽ വരുമാനമായും "250110006 -Calf-Special Livestock Protection " ചെലവായും രേഖപ്പെടുത്തിയിരിക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| 74/23- കറവ പശു പദ്ധതി (അടങ്കൽ - വികസനഫണ്ട് 750000, ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത് 750000, ആകെ 150000) | 42201344 | 31/3/23 | 750000 | ഗുണഭോക്താക്കൾ വായ്പയായി എടുത്തതായി കരുതപ്പെടുന്ന/പ്രോജക്റ്റിൽ വിഭാവനം ചെയ്ത തുക വാർഷികകണക്കിൽ രേഖപ്പെടുത്തുന്നതിനുള്ള എൻട്രി. | "160102601 -Beneficiary Contribution (Utilised)" എന്ന ശീർഷകത്തിൽ വരുമാനമായും "250110001 -Cow-Providing Animals "ചെലവായും രേഖപ്പെടുത്തിയിരിക്കുന്നു. |

(ഓഡിറ്റ് എൻക്വയറി 17 തീയതി 4/12/23, മറുപടി ലഭ്യമാക്കിയിട്ടില്ല.)

**1-1-4 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപെടുന്നില്ല**

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2630053/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -930939/- -രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-1-5 ചെക്ക് നിക്ഷേപിച്ച-ബാങ്കിൽ ക്രെഡിറ്റ് ആയില്ല**

Cheque Deposited But Not Cleared" എന്ന ഇനത്തിൽതാഴെ പറയുംപ്രകാരം തുക ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| Bank | തുക |
|---|---|
| State Bank Of India OLLUKKARA (37054704115) | 21,768.00 (55 Cheques) |

അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത 3997/- രൂപയുടെ ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

**1-1-6 വികസന ഫണ്ട്-എസ്.സി.പി -യഥാർത്ഥ ചെലവും വാർഷികകണക്കും വ്യത്യാസപ്പെട്ടിരിക്കുന്നു**

വികസന ഫണ്ട്-എസ്.സി.പി വാർഷിക കണക്ക് പ്രകാരം 56,98,000/- രൂപ ചെലവുണ്ട്. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രൊജക്റ്റ് പ്രകാരം 550000/-വാർഷിക കണക്ക് പ്രകാരം ചെലവുണ്ടെങ്കിലും ഇതിൽ 100000/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരികെ പോയിട്ടുള്ളതാണ്. ഈ തുക ചെലവിൽ കുറവ് ചെയ്തിട്ടില്ല.

**1-1-7 വസ്തു നികുതി -റെസിഡെൻഷ്യൽ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല**

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത

തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1)റെസിഡൻഷ്യൽ(തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3807585 | 3788761 | 30141 | 14676 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3807585 | 3762768 | 30141 | 14676 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

**1-1-8 വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപെടുന്നില്ല**

നോൺ-റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2939062 | 2923682 | 15894 | 17697 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2939062 | 2905471 | 15894 | 17697 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

### 1-1-9 ആസ്തി രജിസ്റ്റർ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-1-10 തൊഴിലുറപ്പ് പദ്ധതിയുടെ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുക രേഖപ്പെടുത്തിയതിൽ വ്യത്യാസം

തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം പഞ്ചായത്തിൽ ആസ്തി നിർമിക്കുന്നതിനുള്ള 67,71,797/- രൂപയുടെ മൂലധനചെലവും മൊത്തം ചെലവിൽ ഉൾപ്പെട്ടിട്ടുണ്ട്. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ/B-3 യിൽ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ NREGA ആയി രേഖപ്പെടുത്തിയിട്ടുള്ളത് 14,29,668/-- രൂപ മാത്രമാണ്. ബാലൻസ്ഷീറ്റിൽ 53,42,129/-രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

### 1-1-11 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7.)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-1-12 വസ്തു നികുതി - സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ നടത്തുന്നില്ല

1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23ൽ അസസ്സ്ചെയ്യപ്പെടുന്ന

വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ 286 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2022-23 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100102-Property Tax On Non Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് 31.3.2023ൽ ഒറ്റത്തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും , ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

**1-1-13 Prior Period -ജേണൽ വൗച്ചറുകളെ സാക്ഷ്യപെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല**

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18, ഐ-19) പ്രകാരം “290000000-Prior Period Income” ,“190000000-Prior Period Expenditure ”എന്ന ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ 1-18 & 1-19) | 31/3/2023ലെ ലെഡ്ജർ ബാക്കി |
|---|---|
| 190200401-Prior Period Income -Other Incomes | 46371 (16871 രൂപ ജേണൽ വൗച്ചർ മുഖേന വരവായി ക്രമീകരിച്ചിരിക്കുന്നു) |
| 290800101-Prior Period Expenses-establishment Expenses | -41944 |
| 290800501-Prior Period Expenses-programme Expenses | -1710 |
| 290800701-Prior Period Expenses-miscellaneous Expenses | -143795 |

**1-1-14 തെറ്റായ ശീർഷകങ്ങളിൽ ബുക്ക് ചെയ്യൽ**

| പ്രോജക്റ്റ് | നിർവ്വഹണം | വൗച്ചർ നം., തീയതി, തുക | ബുക്ക് ചെയ്ത ശീർഷകം | ചെലവ് ചെയ്തതിന്റെ ഉദ്ദേശ്യം | ഓഡിറ്റ് കുറിപ്പ് |
|---|---|---|---|---|---|
| 125-അങ്കണവാടികൾക്ക് സാധന സാമഗ്രികൾ വാങ്ങൽ (അടങ്കൽ - വികസനഫണ്ട് – 100000) (ചെലവ് – 99950) | ഐസിഡിഎസ് സൂപ്പർവൈസർ | 42201651 31/3/23 41550 | **251170104 Anganwadi Related Services** | BPRO Solution നിൽ നിന്നും അങ്കണവാടികൾക്കായി ഇൻവോയ്സ് എഎ22 തീയ്യതി 13-2-23 പ്രകാരം സ്റ്റീൽ പാത്രങ്ങൾ വാങ്ങിയതിന്റെ ചെലവ്- 41550 രൂപ | **അങ്കണവാടികൾക്ക് ആസ്തികൾ വാങ്ങി നല്കിയത് തെറ്റായി "251170104 Anganwadi Related Services " എന്ന ശീർഷകത്തിൽ ബുക്ക് ചെയ്തു** |
| | | 42201616 28/3/23 58400 | | ആർട് കോയിൽ നിന്നും അങ്കണവാടികൾക്കായി ഇൻവോയ്സ് TSR 196 തീയ്യതി 26/12/22 പ്രകാരം അലമാര, ടേബിൾ എന്നിവ വാങ്ങിയതിന്റെ ചെലവ്- 58400 രൂപ | |
| 73-അങ്കണവാടികൾക്ക് ബാലസാഹിത്യ കൃതികൾ (അടങ്കൽ - വികസന ഫണ്ട് -9437) (തനത് ഫണ്ട്-16563) (ചെലവ് - 26000) | | **42201588** 17/3/23 9437 | **251170104 Anganwadi Related Services** | തൃശ്ശൂർ കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ബിൽ നമ്പർ 4819 തീ 30/1/23 പ്രകാരം " അക്ഷരപ്പൂമഴ" എന്ന പുസ്തകം വാങ്ങിയതിന്റെ ചെലവ് | |
| 199/23-- പൊതു സ്ഥലങ്ങളിൽ മാലിന്യ നിക്ഷേപം തടയുന്നതിന് സിസിടി വി ക്യാമറ | സെക്രട്ടറി | **42201318** 30-3-23 24,980 | 251130403 Sanitation And Waste Management-Public Programmes-Despatch The Wastes To Processing Places | ദിവ്യാംസ് ടെലിലാന്റ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് A1321 (19370 രൂപ),C975 (5250 രൂപ) തീയതി 30/3/23 പ്രകാരം Cctv ഇൻസ്ററാൾ ചെയ്തതിന്റെ ചെലവ് | ആസ്തി വാങ്ങിയത് ചെലവായി ബുക്ക് ചെയ്തു. |

ഈ തുകകൾ 2023-24 സാമ്പത്തിക വർഷത്തിൽ അതാത് ആസ്തി ശീർഷകത്തിലേയ്ക്ക് ഉൾപ്പെടുത്തേണ്ടതാണ്.

## 1-2 ബജറ്റ്

| | |
|---|---|
| പാസ്സാക്കിയ തിയതി | 22.03.2022 |

| | | |
|---|---|---|
| കമ്മിറ്റി തീരുമാനം | 1 (1) | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 20,86,04875 | 19,91, 43200 |
| **റിവൈസ്ഡ് ബജറ്റ്** | | |
| പാസ്സാക്കിയ തിയതി | 27.02.2023 | |
| കമ്മിറ്റി തീരുമാനം | 3 (1) | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 37,72,76140 | 36,74,45903 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക*/ നീക്കിയിരിപ്പ്** |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 19275000 | 19275000 | 19258000 | 17000* |
| വികസന ഫണ്ട്-എസ്.സി.പി | 0 | 5698000 | 5698000 | 5698000 | 0 |
| വികസന ഫണ്ട്-ടി എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 7969000 | 7969000 | 5669989 | 2299011* |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5607000 | 5607000 | 4227346 | 1379654* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബാങ്ക് -ടൈഡ്) | 748498 | 5420000 | 6168498 | 4802622 | 1365876** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബാങ്ക് – അടിസ്ഥാന ഗ്രാന്റ്) | 76870 | 3613000+ 199278 (പലിശ) | 3889148 | 3456524 | 432624** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ട്രഷറി-ടൈഡ്) | 0 | 1837661 | 1837661 | 1686455 | 151206* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ട്രഷറി അടിസ്ഥാന ഗ്രാന്റ്) | 0 | 41654 | 41654 | 41654 | 0 |
| ICDS | 55960 | 475819 | 531779 | 308063 | 223716** |
| Grant From | 999952 | 240000 | 1239952 | 361500 | 878452** |

| | | | | | |
|---|---|---|---|---|---|
| Suchitwa Mission | | | | | |
| Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Grant For Solid Waste Management | 340000 | 0 | 340000 | 0 | 340000 ** |
| Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds -Other Purposes | 22000 | 15000 | 37000 | 25000 | 12000** |
| Health Grant -Diagnostic Infrastructure | 0 | 432427 | 432427 | 426810 | 5617** |
| Health Grant -Wellness Centres | 0 | 277575 | 277575 | 273974 | 3601** |
| Other Liabilities | 46550 | - | 46550 | - | 46550 ** |
| Grants, Funds & Contributions For Specific Purposes - Other Government Agencies - Jalanidhi | 16908 | 490 | 17398 | 59 | 17339** |
| Donations Related To Pandemic/epidemic Control | 14971 | 83368 | 98339 | 83088 | 15251** |

1)സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം,ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

2) സി.എഫ്.സി ടൈഡ്, സി.എഫ്.സി അൺടൈഡ് എന്നിവയുടെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടില്ല.

ദീർഘകാലമായി ചെലവഴിക്കാതെ കിടക്കുന്ന ഫണ്ടുകൾ ആവശ്യമില്ലാത്തപക്ഷം തിരിച്ചടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 210 | 114165184 | 168 | 68627993 | 60.11 | 80 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1300585 | 1300585 | 1300585 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 29637735 | 29637735 | 29637735 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 5302739 | 5302739 | 5302739 | 0 |
| ആകെ | 0 | **36241059** | **36241059** | **36241059** | 0 |

## 1-6 ക്ഷേമപെൻഷനുകൾ

| **പദ്ധതിയുടെ പേര്** | **ചെലവു തുക** | **ഗുണഭോക്താക്കളുടെ എണ്ണം** |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3,155,800 | 263 |
| വിധവാ പെൻഷൻ | 1,38,71,900 | 1243 |
| വാർദ്ധക്യകാല പെൻഷൻ | 27,339,500 | 2556 |
| വികലാംഗപെൻഷൻ | 3,262,000 | 279 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,834,800 | 165 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 3,30,000 | 11 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.11.2023 തീയതിയിൽ 3pm ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5038/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ-അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി മിനിട്ട്സ് പ്രകാരം പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

14.11.2022 ലെ മിനിട്ട്സ് പ്രകാരം അജണ്ട 11 പ്രകാരം ഗ്രാമ പഞ്ചായത്തുകളിലെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 22.10.2022 തിയ്യതിയിൽ അയ്യന്തോൾ ഡി.പി.സി ഹാളിൽ കൂടിയ ശില്പശാലയിലെ നിർദ്ദേശങ്ങൾ വായിച്ച് ചർച്ച ചെയ്തു. ബന്ധപ്പെട്ട പ്രധാന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരളത്തിൽ തന്നെ ഏറ്റവും കൂടുതൽ നഴ്സറികളുള്ള മാടക്കത്തറ പഞ്ചായത്തിൽ നിലവിൽ ഇവയിൽ നിന്നും ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കി വരുന്നില്ല. ആയത് ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശങ്ങൾ ചർച്ച ചെയ്തു.
2. ജനന മരണ വിവാഹ ഫീസിനങ്ങളിൽ വർദ്ധനവ് വരുത്തുക.
3. സേവന ഉപനികുതി ഉൾപ്പെടുത്തുക.
4. കേബിൾ ശൃംഖലയുമായി ബന്ധപ്പെട്ട് വിനോദ നികുതി ഏർപ്പെടുത്തുക.
5. വ്യവസായ പാർക്ക് നോട്ടിഫൈഡ് ഇൻഡസ്ട്രിയൽ പാർക്കിൽ നിയമ സാധ്യത ലഭ്യമാക്കി വരുമാനം വർദ്ധിപ്പിക്കുക.
6. ബ്ലോക്ക് /ഡിസ്ട്രിക്ട് പഞ്ചായത്തിന്റെ ബിൽഡിങ്ങ് പുതുക്കി ഉപയോഗ്യയോഗ്യമാക്കി വരുമാനം വർദ്ധിപ്പിക്കുക.
7. വനിതാ ഘടക പദ്ധതികൾക്കായി മാറ്റിവച്ച് നിലവിൽ ഉപയോഗിക്കാതെ ഉപയോഗശൂന്യമായ കെട്ടിടങ്ങൾ (നിഷ്ക്രിയാസ്തികൾ) ഉപയോഗയുക്തമാക്കുന്ന നടപടികൾ സ്വീകരിച്ച് വരുമാനം വർദ്ധിപ്പിക്കുക.
8. സി.എസ്.ആർ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് തലത്തിൽ സ്വീകരിക്കുക.

2022-23 സാമ്പത്തിക വർഷം സമ്പൂർണ്ണ നികുതി പിരിവ് കൈവരിക്കുന്നതിനായി ഡിമാൻറ് നോട്ടീസ് വിതരണം ചെയ്യുന്നതിന് ഹരിതകർമ്മസേനാംഗങ്ങളെ ചുമതലപ്പെടുത്തുന്നതിനും, നോട്ടീസ് വിതരണം ചെയ്യുന്നതിന് അനുസരിച്ച് നിയമാനുസൃതമായ തുക അവർക്ക് നല്കുന്നതിനും ഭരണസമിതിയോട് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നിലവിൽ നടത്തി വരുന്നില്ല.

**വരുമാന വർദ്ധനവ്**

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ് | |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 35,71,605 | 3807585 | 6.6% | 286 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 27,21,183 | 29,39,062 | 8% | |
| തൊഴിൽ നികുതി-സ്ഥാപനങ്ങൾ, ട്രേഡേഴ്സ് | 2,54,960 | 3,36,950 | 32% | |
| തൊഴിൽ നികുതി - ജീവനക്കാർ | 38,55,220 | 42,42,790 | 10% | |

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ കളക്ഷൻ, ജീവനക്കാരുടെ തൊഴിൽ നികുതി ഒഴികെയുള്ള ഇനങ്ങളിലെ ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ തൃപ്തികരമാണ്. എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണ്ണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

**വസ്തുനികുതി**

തദ്ദേശസ്വയംഭരണവകുപ്പിന്റെ 22.03.2023 ലെ സ.ഉ.(കൈ)77/23/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്ത് ആക്ഷേപം സ്വീകരിച്ചിട്ടുള്ളതാണ്. ഭരണസമിതി യോഗത്തിന്റെ നമ്പർ തീരുമാനപ്രകാരം വിജ്ഞാപനം അന്തിമമാക്കിയിട്ടുണ്ട്.

വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്‌ഡേഷനോ ഡാറ്റാ പ്യൂരിഫിക്കേഷനോ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ലാത്തതാണ്. സോഫ്റ്റ്‌വെയർ അപ്‌ഡേഷൻ നടപടി പൂർത്തീകരിക്കാത്തതിനാൽ നിലവിലെ നിരക്കിൽ നികുതി ഈടാക്കി വരുന്നു.
2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

**സേവന ഉപനികുതി**

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി ഈടാക്കുന്നില്ല.

**തൊഴിൽനികുതി**

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല. നികുതി അടവാക്കിയവരുടെ വിവരങ്ങൾ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

**വിനോദനികുതി**

ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യതകളില്ല. ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക് എന്നിവയൊന്നും നിലവിൽ പഞ്ചായത്തിൽ ഇല്ല.

നികുതിയേതര വരവുകൾ

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്

കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും) ലൈസൻസ് ഭേദഗതി ചട്ടങ്ങൾ 2017 ലെ ചട്ടം 18 പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിനുള്ള ഫീസ് ഈടാക്കിയിട്ടുണ്ട്.
ചട്ടം 24 പ്രകാരം ലൈസൻസ് ലഭിക്കുന്നയാൾ അനുസരിക്കേണ്ട നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

**മറ്റിനങ്ങൾ**

പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് ലഭ്യമാകാവുന്ന വരവുകൾ (ഭാവിയിൽ വരുമാന മാർഗ്ഗമാക്കാവുന്നത്) കണ്ടെത്തിയിട്ടില്ല. ആയത് സംബന്ധിച്ച് സാധ്യതാപഠനത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഇതിനുള്ള സാധ്യതകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.
കാർഷികപ്രാധാന്യമുള്ള പഞ്ചായത്തായ മാടക്കത്തറയിൽ വ്യവസായ ഗണത്തിൽ ഉൾപ്പെടുത്താവുന്ന ഏകദേശം 650 ഓളം നഴ്സറികൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇവ 1996 ലെ കേരള പഞ്ചായത്ത് രാജ് ( ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക 1 പ്രകാരം രേഖപ്പെടുത്തിയ 159 ഇനങ്ങളിൽ നഴ്സറികൾ ഉൾപ്പെടുന്നില്ല എന്ന കാരണത്താൽ ലൈസൻസ് എടുപ്പിക്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യമാണെന്നും ആയതിനാൽ ലൈസൻസ് ഇനത്തിൽ ഉൾപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ടെന്നും പഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്.

**1-10 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

1) 2022-23 ൽ താഴെ ചേർത്തിരിക്കുന്ന ജീവനക്കാരുടെ തൊഴിൽനികുതി ചട്ടപ്രകാരമുള്ള നിരക്കിൽ ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര്, സ്ഥാപനത്തിന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|---|
| 1. | ഹേമന്തി.ടി.കെ., സെക്രട്ടറി , ചിറയ്ക്കക്കോട് ക്ഷീരോൽപ്പാദക സഹകരണ സംഘം. | 96,360 | 600 (2-ാം അർദ്ധവർഷം) | 750 |
| 2. | സുധൻടി.വി., ലാബ് അസിസ്റ്റന്റ്, ചിറയ്ക്കക്കോട് ക്ഷീരോൽപ്പാദക സഹകരണ സംഘം. | 86,640 | 600 (2-ാം അർദ്ധവർഷം) | 750 |
| 3. | ഓമന.കെ.കെ. കാഷ്വൽ ലേബറർ, കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി വെള്ളാനിക്കര. | 1,30,750 | 1000 (ഒന്നും രണ്ടും അർദ്ധവർഷം) | 1250 |
| 4. | രാധാകൃഷ്ണൻ കോളേജ് ഓഫ് അഗ്രിക്കൾച്ചർ, കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി, വെള്ളാനിക്കര. | 66,825 | 300 (ഒന്നും രണ്ടും അർദ്ധവർഷം) | 600 |

2) താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒന്നാം അർദ്ധ വർഷം അടവാക്കിയിട്ടുണ്ടെങ്കിലും രണ്ടാം അർദ്ധവർഷം അടവാക്കാത്തതായി കാണുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര്, സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷവരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|
| 1. | ജോയ്സി.എൻ.ജെ, ടീച്ചർ, സെന്റ് എലിസബത്ത് ഇംഗ്ലീഷ് മീഡിയം സ്കൂൾ പൊങ്ങണംകാട്. | 99,600 | 750 |

| | | | |
|---|---|---|---|
| 2. | സരിത.വി.വി, ടീച്ചർ, സെന്റ് എലിസബത്ത് ഇംഗ്ലീഷ് മീഡിയം സ്കൂൾ പൊങ്ങണംകാട്. | 92,400 | 750 |
| 3. | സന്ധ്യ.എസ്.എസ്., കംപ് ട്രോളർ (D.D&A കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി വെള്ളാനിക്കര | 3,08,449 | 1250 |
| 4. | അജീഷ്.പി.ജി., ലൈൻ മാൻ കെ.എസ്.ഇ.ബി. സിസ്റ്റം ഓപ്പറേഷൻ സർക്കിൾ, കളമശ്ശേരി | രേഖപ്പെടുത്തിയിട്ടില്ല. ഒന്നാം അർദ്ധവർഷം 1250 അടവാക്കിയിട്ടുണ്ട് | 1250 |
| 5. | സുബ്രമണ്യൻ.കെ. ലൈൻമാൻ കെ.എസ്.ഇ.ബി. സിസ്റ്റം ഓപ്പറേഷൻ സർക്കിൾ കളമശ്ശേരി | രേഖപ്പെടുത്തിയിട്ടില്ല. ഒന്നാം അർദ്ധവർഷം 1250 അടവാക്കിയിട്ടുണ്ട് | 1250 |

തൊഴിൽ നികുതിയിനത്തിൽ കുറവ് വന്ന തുക ഈടാക്കേണ്ടതാണ്.

3) താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി 2 അർദ്ധവർഷങ്ങളിലും ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | ജീവനക്കാരുടെ വിവരം | അർദ്ധവാർഷിക വരുമാനം – ഒന്ന് | അർദ്ധവാർഷിക വരുമാനം – രണ്ട് | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|---|
| 1. | വാസുദേവൻ (ക്രിമറ്റോറിയം ജീവനക്കാരൻ) | 38,625 | 36,375 | 300/- വീതം രണ്ടു തവണ |
| 2. | ബാബു.ജി. (ക്രിമറ്റോറിയം ജീവനക്കാരൻ) | 38,625 | 36,375 | 300/- വീതം രണ്ടു തവണ |

4) 2022–23 ലെ വ്യാപാര സംരംഭക ലൈസൻസും തൊഴിൽ നികുതി രജിസ്റ്ററും ഒത്തു പരിശോധിച്ചതിൽ താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര്/കെട്ടിട നമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | പൂരം ഫുഡ്സ് 12/ 176 | 15 |
| 2 | വെയർ ഹൗസ് റിലയൻസ് ജിയോ ഇൻഫോകോം | 6 |

| | | |
|---|---|---|
| | 16/563 ഡി | |
| 3 | ബ്രഹ്മാസ് റെഡ് ഡ്രാഗൺ ഫ്രൂട്സ് 7/218 ബി | 4 |
| 4 | എം. കെ. ഗോൾഡ് 6/263 | 4 |
| 5 | ഗംഗോത്രി പ്ലാസ്റ്റിക്സ് 12/181 | 5 |
| 6 | എബനേസർ ഹോളോബ്രിക്ക്സ് 1/184 എ | 6 |
| 7 | അവിലിശേരി പ്ലാസ്റ്റിക്ക് ഇൻഡസ്ട്രീസ് 11/110 എ | 4 |
| 8 | വെയർ ഹൗസ് റിലയൻസ് ജിയോ ഇൻഫോകോം 16/564 K,L,S,T,U,V,W | 6 |
| 9 | വെയർ ഹൗസ് റിലയൻസ് ജിയോ ഇൻഫോകോം 16/563 A, B,C | 6 |
| 10 | അമ്മ മെഡിക്കൽസ് 1/24 | 4 |
| 11 | സൊണാറ്റ ഫുഡ്സ് ആൻഡ് ക്രീംസ് 16/93 | 21 |
| 12 | അമ്മിണി റെസ്റോറന്റ് 1/22 | 4 |
| 13 | ഡ്രിസ്സിൽ പോളിമേഴ്സ് 13/500 | 4 |
| 14 | മാംഗോ അഗ്രോ പ്രോഡക്ട് 16/526 | 7 |
| 15 | ഏഷ്യൻ മാനുഫാക്ചർസ് 11/497 എ | 4 |
| 16 | വെള്ളാനിക്കര സർവീസ് സഹകരണ ബാങ്ക് 7/95 | 16 |
| 17 | വെള്ളാനിക്കര സർവീസ് സഹകരണ ജനസേവന കേന്ദ്രം 12/350 | 16 |

ഓഡിറ്റ് അന്വേഷണം : 5/ 29.11.23 മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-11 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 , 2012 ലെ കേരള പഞ്ചായത്ത് രാജ്(ലൈവ് സ്റ്റോക്ക് ഫാമുകൾക്കു ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പ്രകാരം മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്നതിനോ അഥവാ ഏതെങ്കിലും ഇനം മൃഗങ്ങളെയോ പക്ഷികളെയോ വംശവർധനക്കായി വളർത്തുന്നതിനോ വേണ്ടി നീക്കിവച്ചിട്ടുള്ള കെട്ടിടങ്ങളോ ഷെഡുകളോ ഉള്ളതോ ഇല്ലാത്തതൊ ആയ സ്ഥലത്തിന് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കാതെയും (ചട്ടം 3 (2)) ചട്ടം 3(1 ) ൽ സൂചിപ്പിച്ചിട്ടുള്ള എന്നതിൽ കൂടുതൽ മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുവാൻ പാടില്ല.

എന്നാൽ വെറ്ററിനറി സർജൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം താഴെ ചേർത്തിരിക്കുന്ന ലൈവ് സ്റ്റോക്ക് ഫാമുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി കാണുന്നു. എന്നാൽ ഇവ ലൈവ് സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ് എടുത്തിട്ടില്ല.

ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ പട്ടികപെടുത്തുന്നു.

| ക്രമ നമ്പർ | ഫാം ഉടമകളുടെ പേര് | കന്നുകാലികളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1 | രവി പി.വി. പയ്യപ്പാട്ട് വീട്<br>താണിക്കുടം<br>വാർഡ് നമ്പർ 15 | 37 |
| 2 | അനിത, ഇല്ലിമുട്ടം<br>കോതറ<br>വാർഡ് നമ്പർ 15 | 10 |
| 3 | സുധാകരൻ, പുലിപ്പറമ്പിൽ വീട്<br>പൊങ്ങണംകാട്<br>വാർഡ് നമ്പർ 15 | 16 |
| 4 | പോൾ, മേലേക്കാട്ടുകുളം<br>അക്കരപ്പുറം<br>വാർഡ് നമ്പർ 1 | 17 |
| 5 | ലോറൻസ് മലയപ്പൻ<br>താണിക്കുടം<br>വാർഡ് നമ്പർ 1 | 10 |
| 6 | വേണുഗോപാലൻ പാമ്പുങ്കൽ<br>താണിക്കുടം<br>വാർഡ് നമ്പർ 1 | 10 |
| 7 | സുധീർ<br>മുത്തുവീട്ടിൽ വീട്<br>വെള്ളാനിക്കര പി.ഒ.<br>ചിറക്കക്കോട് | പശു – 25<br>കാള – 1<br>എരുമ – 1 |
| 8 | ബിജു<br>തൊണ്ണൂർക്കര വീട്<br>വെള്ളാനിക്കര പി.ഒ | പശു – 14<br>എരുമ – 3 |
| 9 | കണ്ണൻ മുണ്ടപ്പുറത്ത് വീട്<br>വെള്ളാനിക്കര പി.ഒ<br>ചിറക്കക്കോട് | പശു – 22 |
| 10 | രാജേഷ്<br>പട്ടാല വീട്<br>വെള്ളാനിക്കര പി.ഒ | പശു – 48<br>എരുമ – 2 |
| 11 | മുരളി കോക്കിനി വീട്<br>വെള്ളാനിക്കര പി.ഒ | പശു – 10 |
| 12 | സൗമ്യ മത്തായി<br>നിരപ്പേൽ പുത്തെൻപുരയിൽ വീട്<br>ചിറക്കക്കോട് | പശു – 13 |
| 13 | ധർമ്മരാജൻ<br>തണ്ടാശ്ശേരി വീട്<br>വെള്ളാനിക്കര പി.ഒ | പശു – 48<br>എരുമ – 1 |
| 14 | രാമൻ<br>ഒറ്റാലി വീട്<br>ആനന്ദ നഗർ<br>ചിറക്കക്കോട് | ആട് – 33<br>പശു – 2 |

| | | |
|---|---|---|
| 15 | പ്രമീള<br>തോട്ടിങ്കൽ വീട്<br>ആനന്ദ നഗർ<br>ചിറക്കക്കോട് | ആട് – 55 |
| 16 | ജോസ് ആലുക്കൽ വീട്<br>പാണ്ടിപ്പറമ്പ് | പക്ഷികൾ – 2000 |
| 17 | ഷിജു<br>പോണേക്കടന് വീട്<br>പാണ്ടിപ്പറമ്പ് | പക്ഷികൾ – 1500 |

മേൽ ഫാമുകൾക്ക് ചട്ട പ്രകാരം ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20/4.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 അനധികൃതമായി പന്നിഫാമുകൾ പ്രവർത്തിക്കുന്നു

വെറ്ററിനറി സർജൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ താഴെ പറയുന്ന പന്നിഫാമുകൾ പ്രവർത്തിക്കുന്നതായി കാണുന്നു. എന്നാൽ ഈ ഫാമുകൾ 1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത്. ഫാമുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫാം ഉടമയുടെ വിവരങ്ങൾ | ഫാർമേഴ്സ് ID | പന്നികളുടെ എണ്ണം |
|---|---|---|---|
| 1. | സജീവൻ കെ. എം.<br>കരാവട്ടെ വീട്<br>മുട്ടിക്കൽ | 635228 | 50 |
| 2. | ജൂലി ബാബു<br>വെളിയത്ത് വീട്<br>കട്ടിലപ്പൂവം | 862807 | 700 |
| 3. | ജോർജ്ജ്<br>തോട്ടത്തിൽ വീട്<br>പനമ്പിള്ളി | 770474 | 30 |
| 4. | ഷൈലജൻ<br>തോപ്പിൽ വീട്<br>പൊങ്ങണംകാട് | 232302 | 175 |
| 5. | സന്തോഷ്<br>മണ്ടോളിപ്പറമ്പിൽ | 713722 | 300 |
| 6. | സുരേന്ദ്രൻ<br>മണ്ടോളിപ്പറമ്പിൽ | 713819 | 350 |
| 7. | ഗ്രേസിയസ് ടി. ജി.<br>തെങ്ങുമ്പള്ളി | 779832 | 50 |

ഓഡിറ്റ് അന്വേഷണത്തിന് (നം.19/4.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടപ്രകാരമുള്ള ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി ഒഴിവാക്കൽ

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ താഴെ ചേർത്തിരിക്കുന്ന കെട്ടിടങ്ങളെ വസ്തുനികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കി നൽകിയതായി കാണുന്നു. എന്നാൽ സഞ്ചയയിൽ വസ്തുനികുതി ഒഴിവാക്കി നൽകിയതിന്റെ

വിവരങ്ങൾ ചേർത്തിട്ടില്ല.

| ക്രമ നം. | കെട്ടിട നമ്പർ | സ്ഥാപന വിവരങ്ങൾ | തറ വിസ്തീർണ്ണം |
|---|---|---|---|
| 1 | 2/499 | ഖാദി പരിശീലന കേന്ദ്രം | 60 ച:മീ |
| 2 | 2/58 | ദൈവസഭ ഹാൾ<br>പനമ്പിള്ളി, കുണ്ടുകാട് | 100 ച:മീ |
| 3 | 1/248 | ദൈവസഭ ഹാൾ<br>മാറ്റാംപുറം, കുറ്റിക്കര | 100 ച:മീ |
| 4 | 2/225 | വിമലഗിരി സ്കൂൾ മൂവാറ്റുപുഴ മലങ്കര കത്തോലിക രൂപത | 60 ച:മീ |
| 5 | 3/142 | പോസ്ററ് ഓഫിസ് കെട്ടിടം | 25ച:മീ |
| 6 | 3/46 | ഇന്ത്യ പെന്തക്കോസ്ത ദൈവസഭ ഹാൾ, കട്ടിലപ്പൂവ്വം | 60 ച:മീ |
| 7 | 3/42 | മദർസുപ്പരീയർ ബദനി കോൺവെൻറ്, കട്ടിലപ്പൂവ്വം, | 219 ച:മീ |
| 8 | 10/149 | വെള്ളാനിക്കര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം പ്രസിഡണ്ട് | 9 ച:മീ |
| 9 | 10/82 | റിസർച്ച് ട്രെയിനിംഗ് സെൻറർ കെ.എ.യു,<br>കിഴക്കെ വെള്ളാനിക്കര, കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി | 50 ച:മീ |
| 10 | 8/187 | ശക്തി ന്യൂട്രിമിൽസ് പുല്ലാനിക്കാട്, മാടക്കത്തറ | 30 ച:മീ |
| 11 | 10/149 | വെള്ളാനിക്കര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം തോട്ടപ്പടി, കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി | 9 ച:മീ |
| 12 | 9/382 | എൻ.ബി.പി.ജി.ആർ ഓഫീസ് മാങ്ങോട്, കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി | 357 ച:മീ |
| 13 | 9/383 | എൻ.ബി.പി.ജി.ആർ ക്വാർട്ടേഴ്സ് മാങ്ങോട്, കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി | 188 ച:മീ |
| 14 | 9/384 | എൻ.ബി.പി.ജി.ആർ ക്വാർട്ടേഴ്സ് മാങ്ങോട്, കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി | 105 ച:മീ |
| 15 | 9/385 | എൻ.ബി.പി.ജി.ആർ ക്വാർട്ടേഴ്സ് മാങ്ങോട്, കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി | 105 ച:മീ |
| 16 | 9/386 | എൻ.ബി.പി.ജി.ആർ ക്വാർട്ടേഴ്സ് മാങ്ങോട്, കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി | 105 ച:മീ |
| 17 | 9/387 | എൻ.ബി.പി.ജി.ആർ ക്വാർട്ടേഴ്സ് മാങ്ങോട്, കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി | 105 ച:മീ |

| | | | |
|---|---|---|---|
| 18 | 9/388 | എൻ.ബി.പി.ജി.ആർ ക്വാർട്ടേഴ്സ് മാങ്ങോട്, കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി | 105 ച:മീ |
| 19 | 9/389 | എൻ.ബി.പി.ജി.ആർ ക്വാർട്ടേഴ്സ് മാങ്ങോട്, കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി | 105 ച:മീ |
| 20 | 9/390 | എൻ.ബി.പി.ജി.ആർ ക്വാർട്ടേഴ്സ് മാങ്ങോട്, കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി | 105 ച:മീ |
| 21 | 9/391 | എൻ.ബി.പി.ജി.ആർ ക്വാർട്ടേഴ്സ് മാങ്ങോട്, കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി | 105 ച:മീ |
| 22 | 9/392 | എൻ.ബി.പി.ജി.ആർ ക്വാർട്ടേഴ്സ് മാങ്ങോട്, കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി | 105 ച:മീ |
| 23 | 9/393 | എൻ.ബി.പി.ജി.ആർ ക്വാർട്ടേഴ്സ് മാങ്ങോട്, കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി | 105 ച:മീ |
| 24 | 9/406 A | പ്രൊഫസർ ആൻറ് ഹെഡ്, കൊക്കോ റിസർച്ച് സെൻറർ, വെള്ളാനിക്കര, കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി | 39.69 ച:മീ |
| 25 | 9/408 C | ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാൻറ് കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, വെള്ളാനിക്കര | 467.64 ച:മീ |
| 26 | 9/408 D | ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാൻറ് കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, വെള്ളാനിക്കര | 984 ച:മീ |
| 27 | 9/408 E | ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാൻറ് കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, വെള്ളാനിക്കര | 291.94 ച:മീ |
| 28 | 9/416 A | പ്രെഫസർ ആൻറ് ഹെഡ്, കേരള ആഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, വെള്ളാനിക്കര, | 100 ച:മീ |
| 29 | 11/474 A | ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാൻറ് കേരള അഗ്രികൾച്ചർ യൂണിവേഴ് സിറ്റി,വെള്ളാനിക്കര | 145.65 ച:മീ |
| 30 | 14/569 | സെക്രട്ടറി പ്രസിഡണ്ട് റെഡ് ചലഞ്ചേഴ്സ് | 16.72 ച:മീ |

മേൽ കെട്ടിടങ്ങൾക്ക് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് നൽകിയതെന്ന് വ്യക്തമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/5.12.2023) മറുപടി ലഭ്യമാക്കിയില്ല. 1994 ലെ കേരള പഞ്ചായത്ത് നിയമം വകുപ്പ് 207(1) പ്രകാരം ഒഴിവാക്കിയ കെട്ടിടങ്ങളിൽ ഉൾപ്പെടാത്ത കെട്ടിടങ്ങൾക്ക് നികുതി പുനപരിശോധിച്ച് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.18/04.12.23ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-14 സസ്യ നഴ്സറികൾക്ക് വ്യാപാര സംരംഭക ലൈസൻസ് എടുക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച വരുന്ന സസ്യനഴ്സറികൾക്ക് പഞ്ചായത്തിൽ നിന്നും യാതൊരു ലൈസൻസും നൽകുന്നില്ല.

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ സർവ്വേ പ്രകാരം വിവിധ വാർഡുകളിലായി ഏകദേശം 650 സസ്യ നഴ്സറികളാണ് കച്ചവടം നടത്തി വരുന്നത്. എന്നാൽ നിലവിൽ ഇതിന്റെ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിൽ നിന്നും യാതൊരു അനുവാദങ്ങളും വാങ്ങുന്നില്ല. മുഴുവൻ സസ്യ നഴ്സറികൾക്കും വ്യാപാര സംരംഭക ലൈസൻസ് എടുക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 21/4.12.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-15 എച്ച്.എം.സി. വാർഷിക കണക്കുകളുടെ ഓഡിറ്റ്

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ, സർക്കാർ ഉത്തരവ്(ആർ.റ്റി.) 3379/2004 എച്ച് & എഫ്.ഡബ്ല്യു.ഡി തീ.03.12.2004 എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ രൂപം കൊണ്ടിട്ടുള്ള, താഴെ ചേർക്കുന്നതു പ്രകാരമുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി 2022-23 സാമ്പത്തിക വർഷം ഉൾപ്പടെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം. 1, തീയതി 27.11.2023)

| ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി | രൂപീകൃതമായ വർഷം/തീയതി | ഓഡിറ്റിന് ഹാജരാക്കാനുള്ള വാർഷിക കണക്കുകൾ |
|---|---|---|
| എഫ്.എച്ച്.സി, മാടക്കത്തറ | ലഭ്യമല്ല | 2022-23 ഉൾപ്പെടെയുള്ളത് ഹാജരാക്കിയിട്ടില്ല |
| ജി.എ.ഡി, മാടക്കത്തറ | ലഭ്യമല്ല | 2022-23 ഉൾപ്പെടെയുള്ളത് ഹാജരാക്കിയിട്ടില്ല |
| ജി.എച്ച്.ഡി, മാടക്കത്തറ | ലഭ്യമല്ല | 2022-23 ഉൾപ്പെടെയുള്ളത് ഹാജരാക്കിയിട്ടില്ല |

ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് വേണ്ട ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 കറവ പശു പദ്ധതി- ഗുണഭോക്താക്കൾക്ക് വായ്പ ലഭ്യമായതിനോ വായ്പ തുക ഉൾപ്പെടെ പശുവിന്റെ വില അതാത് വില്പനക്കാരന് ബാങ്ക് കൈമാറിയതിനോ രേഖകൾ ഇല്ല.750000 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം - വെറ്ററിനറി സർജൻ

| പ്രോജക്റ്റ് | വൗച്ചർ | തീയതി | തുക | തുക നൽകിയതിന്റെ വിവരം |
|---|---|---|---|---|
| 74/23- കറവ പശു പദ്ധതി (അടങ്കൽ - വികസനഫണ്ട് 750000, ഗുണഭോക്തൃ വിഹിതം | **42201434** | 25/10/22 | 450000 | ഗുണഭോക്താക്കൾ വായ്പ നൽകാൻ സന്നദ്ധമായ വെള്ളാനിക്കര സർവ്വീസ് സഹകരണ ബാങ്കിന് |
| | **42201448** | 16/11/22 | 150000 | |
| | **42201453** | 25/11/22 | 150000 | |

| | | | | |
|---|---|---|---|---|
| | | | | കൈമാറിയ തുക |
| 750000, ആകെ 1500000) | **42201344** | 31/3/23 | 750000 | ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിച്ച തുക രേഖപ്പെടുത്തിയ എൻടി |

മേൽ പ്രോജക്റ്റ് പ്രകാരം 25 ഗുണഭോക്താക്കൾക്ക് 30,000/- രൂപ നിരക്കിൽ കറവ പശുവിനെ വാങ്ങുന്നതിനായി സബ്സിഡി അനുവദിച്ചിട്ടുണ്ട്. 30,000/- രൂപ വീതം പശുവിനെ വാങ്ങുന്നതിന് 30 ഗുണഭോക്താക്കൾക്ക് വെള്ളാനിക്കര സഹകരണ ബാങ്ക് വായ്പ നൽകുന്നതായി പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണോദ്യോഗസ്ഥൻ 25 ഗുണഭോക്താക്കൾക്കുള്ള സബ്സിഡി തുകയായ 750000/- രൂപ വെള്ളാനിക്കര സഹകരണ ബാങ്കിലേയ്ക്ക് നൽകി. 25 ഗുണഭോക്താക്കളുടെ അപേക്ഷ, പശുവിന്റെ ഫോട്ടോ, ഇൻഷ്വറൻസ്, എന്നീ രേഖകൾ ഫയലിൽ ലഭ്യമാണ്. എന്നാൽ താഴെ പറയുന്ന രേഖകൾ/വിശദാംശങ്ങൾ ലഭ്യമല്ല.

പശുവിനെ ഗുണഭോക്താവിന് വിൽപ്പന നടത്തിയ ആളുകളുടെയോ വില്പന നടത്തിയതിന്റെയോ വിൽപ്പനക്കാരന് തുക കൈമാറിയതിന്റെയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. പശുവിനെ വാങ്ങുന്നതിനുള്ള സബ്സിഡി വായ്പ നൽകുന്ന സഹകരണ ബാങ്കിന് നൽകിയത് എന്തിനാണെന്ന് വ്യക്തമല്ല. ബാങ്കിന് സബ്സിഡി തുക കൈമാറിയ സാഹചര്യത്തിൽ ബാങ്ക് അതാത് വിൽപ്പനക്കാർക്ക് സബ്സിഡി തുകയും വായ്പ തുകയും കൂടി ആകെ തുക കൈമാറിയതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. ഈ രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതു വരെ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക 750000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 17/ 4.12.23, മറുപടി ലഭ്യമാക്കിയിട്ടില്ല.)

**1-17 മൃഗാശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ- 3 മൃഗാശുപത്രികളിലേയ്ക്ക് മരുന്ന് വീതിച്ച് നല്കിയതിന്റെയും സ്റ്റോക്ക് എൻടി നടത്തിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയില്ല- ചെലവ് തുക 599999 രൂപ തടസ്സപ്പെടുത്തുന്നു**

നിർവ്വഹണം- വെറ്ററിനറി സർജൻ

| പ്രോജക്റ്റ് | വൗച്ചർ | തീയ്യതി | തുക | തുക നല്കിയതിന്റെ വിവരം |
|---|---|---|---|---|
| 12- മൃഗാശുപത്രികളിലേയ്ക്ക് മരുന്ന് വാങ്ങൽ (അടങ്കൽ - വികസന ഫണ്ട് ജനറൽ - 599999) | **42201414** | 24/9/22 | 5,99,999 | നമ്പർ 0802301 2287 തീയ്യതി 20/9/22 ഗുഡ്സ് സപ്ലൈ നോട്ട് പ്രകാരം സപ്ലൈകോ വടക്കാഞ്ചേരി മരുന്ന് സപ്ലൈ ചെയ്തതിന്റെ വില |

മേൽ പ്രോജക്റ്റ് പ്രകാരം കട്ടിലപൂവം, ചിറക്കക്കോട്,താണിക്കുടം എന്നീ 3 മൃഗാശുപത്രികളിലേയ്ക്കായി നിർവ്വഹണോദ്യോഗസ്ഥനായ ചിറക്കക്കോട് വെറ്ററിനറി സർജൻ മരുന്ന് വാങ്ങിയിട്ടുണ്ട്. എന്നാൽ മേൽ പ്രകാരം വാങ്ങിയ മരുന്നുകൾ നിർവ്വഹണോദ്യോഗസ്ഥൻ സ്റ്റോക്കിലെടുത്തു ബാക്കി 2 മൃഗാശുപത്രിയിലേയ്ക്ക് നല്കിയതാണോ അതോ ഒരു ബില്ല് പ്രകാരം വാങ്ങിയ മരുന്നുകൾ 3 മൃഗാശുപത്രിയിലേയ്ക്ക് വീതിച്ച് നല്കിയതാണോ

എന്നതിൽ വ്യക്തതയില്ല. ഇൻവോയ്സിൽ അതാത് മരുന്നിന് നേരെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയ പേജ് നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. ആയതിനാൽ മരുന്നുകൾ സ്റ്റോക്കിലെടുത്തോയെന്ന് പരിശോധിക്കാനാകുന്നില്ല. ഈ വിവരങ്ങൾ ലഭ്യമാക്കുന്നതു വരെ ചെലവ് തുക 599999/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 17/4.12.2023 - മറുപടി ലഭ്യമാക്കിയിട്ടില്ല.)

**1-18 കന്നുകുട്ടി പരിപാലന പദ്ധതി- ബ്ലോക്ക് വിഹിതം നല്കിയതിന് കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല- 200000 രൂപ തടസ്സപ്പെടുത്തുന്നു.**

നിർവ്വഹണം- വെറ്ററിനറി സർജൻ

| പ്രോജക്റ്റ് | വൗച്ചർ | തീയ്യതി | തുക | തുക നല്കിയതിന് രസീത് ലഭിച്ചതിന്റെ വിവരം |
|---|---|---|---|---|
| 11-കന്നുകുട്ടി പരിപാലന പദ്ധതി (അടങ്കൽ - വികസനഫണ്ട് ജനറൽ -425000, ബ്ലോക്ക് വിഹിതം- 200000, ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്നത് 625000, ആകെ 12,50,000) | **42201493** | 19/12/22 | 425000 | DD(AM) , SLBP യുടെ NO/AHD /TSR/SLBP /TSR/708 /2022-C തീയ്യതി 9/1/23 പ്രകാരമുള്ള രസീത് ലഭിച്ചിട്ടുണ്ട്. |
| | **42201540** | 10/2/23 | 200000 | ഇല്ല |
| | **42201343** | 31/3/23 | 625000 | ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിച്ച തുക രേഖപ്പെടുത്തിയ എൻട്രി. |

ബ്ലോക്ക് പഞ്ചായത്ത് വിഹിതം എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർക്ക് നല്കിയതിന് രസീത് ലഭ്യമാക്കിയിട്ടില്ല. തുക കൈമാറിയതിന്റെ UTR ഉം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ കൈപ്പറ്റ് രസീത് ഹാജരാക്കുന്നതുവരെ₹2,00,000യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 17 /4.12.2023 , മറുപടി നല്കിയിട്ടില്ല.)

**1-19 മുട്ടക്കോഴി വളർത്തൽ- കോഴികുഞ്ഞുങ്ങളെ കിട്ടിയത് ഗുണഭോക്താക്കൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല- 105000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു**

നിർവ്വഹണം- വെറ്ററിനറി സർജൻ

| പ്രോജക്റ്റ് | വൗച്ചർ | തീയ്യതി | തുക | തുക നല്കിയതിന്റെ വിവരം |
|---|---|---|---|---|
| 269-മുട്ടക്കോഴി വളർത്തൽ ജനറൽ (അടങ്കൽ - വികസന ഫണ്ട് ജനറൽ - 105000) | **42201641** | 31/3/23 | 105000 | ഭദ്ര ഫാം ബിൽ ഓഫ് സപ്ലൈ നമ്പർ 42 തീയ്യതി 18/3/23 പ്രകാരം 875കോഴി കുഞ്ഞുങ്ങളെ 120രൂപ നിരക്കിൽ വിതരണം ചെയ്തതിന് നല്കിയ തുക |

മേൽ പ്രോജക്റ്റ് പ്രകാരം 5 കോഴികുഞ്ഞുങ്ങളെ വീതം (5 X 120 =600രൂപ ) 175 ഗുണഭോക്താക്കൾക്ക് 100 % സബ്സിഡി നിരക്കിൽ നല്കിയിട്ടുണ്ട്. എന്നാൽ 5കോഴി കുഞ്ഞുങ്ങളെ വീതം ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല. വിവരങ്ങൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുക 105000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി 17 /4.12.2023- മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-20 ഭിന്നശേഷിക്കാർക്ക് ആട് വിതരണം- ആടിനെ സപ്ലൈ ചെയ്തതിന്റെ ഇൻവായ്സ് തുക നല്കിയതിന്റെ കൈപ്പറ്റ് രസീത് എന്നിവ ഇല്ല -75000 രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണം- വെറ്ററിനറി സർജൻ

| പ്രോജക്റ്റ് | വൗച്ചർ | തീയ്യതി | തുക | തുക നല്കിയതിന്റെ വിവരം |
|---|---|---|---|---|
| 75-ഭിന്നശേഷിക്കാർക്ക്ആട് വിതരണം ( അടങ്കൽ- വികസനഫണ്ട്, ജനറൽ-37500, ഗുണഭോക്തൃ വിഹിതം 37500) | **42201471**<br>22200828 | 8/12/22<br>12/12/22 | 37500<br>37500 | 12/12/22,13/12/22 എന്നീ തീയ്യതികളിൽ പാണഞ്ചേരി സഹകരണബാങ്കിൽ 37500 രൂപ വീതം നിക്ഷേപിച്ചു. |

മേൽ പ്രോജക്റ്റ് പ്രകാരം 5 ഗുണഭോക്താക്കൾക്ക് 7500 രൂപ വിലയുള്ള 2ആടുകൾ വീതം ( 5x 7500x 2= 75000) 50% സബ്സിഡി നിരക്കിൽ നല്കിയിട്ടുണ്ട്. എന്നാൽ

ആടുകളെ വിതരണം ചെയ്തത് ത്രീ സ്റ്റാർ ഫാം ,മണിയൻ കിണർ എന്ന സ്ഥാപനമാണെന്നും തുക പാണഞ്ചേരി സർവ്വീസ് സഹകരണബാങ്കിലേയ്ക്ക് നിക്ഷേപിക്കുന്ന മുറയ്ക്ക് ആ സ്ഥാപനത്തിന് തുക കൈമാറുന്നതാണെന്നും പാണഞ്ചേരി സർവ്വീസ് സഹകരണബാങ്ക് 9/12/22തീയ്യതിയിലെ കത്ത് പ്രകാരം നിർവ്വഹണോദ്യോഗസ്ഥനെ അറിയിച്ചിട്ടുണ്ട്. എന്നാൽ ത്രീ സ്റ്റാർ ഫാം ന്റെ ഇൻവോയ്സ് ഫയലിൽ ഇല്ല. ആടിന്റെ വില നിർവ്വഹണോദ്യോഗസ്ഥൻ നല്കിയിരിക്കുന്നത് പാണഞ്ചേരി സർവ്വീസ് സഹകരണബാങ്കിലേയ്ക്കാണ്. സർവ്വീസ് സഹകരണ ബാങ്കിലേയ്ക്ക് തുക നല്കിയത് എന്തിനാണെന്നും ബാങ്ക് ആടിനെ വിതരണം ചെയ്ത സ്ഥാപനത്തിന് തുക കൈമാറിയോയെന്നും വ്യക്തമല്ല.

ആടിനെ സപ്ലൈ ചെയ്തതിന്റെ ഇൻവോയ്സ്, തുക സ്ഥാപനത്തിന് നല്കിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതുവരെ ചെലവ് തുക 75000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 17 /4.12.2023 ,മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-21 തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി- ടെണ്ടർ നടപടി ക്രമങ്ങളിൽ അപാകം-10,90,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

നിർവ്വഹണം- സെക്രട്ടറി

| സാമ്പത്തിക വർഷം | പ്രോജക്റ്റ് | വൗച്ചർ | തീയ്യതി | തുക | സ്ഥാപനത്തിന്റെ ഇൻവോയ്സ് |
|---|---|---|---|---|---|
| 2021-22 | 133/22- തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി(അടങ്കൽ- ധനകാര്യ കമ്മീഷൻ ഗ്രാന്റ് -989000, തനത് 61000) | 22101042 | 26/3/22 | 4,20,000 | പവർ ഓൺ കംപ്ലീറ്റ് സൊല്യൂഷൻ എരുമപ്പെട്ടി എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് 15 തീയ്യതി 4/1/22 |

| | | | | | |
|---|---|---|---|---|---|
| | | | | | തുക 420000.(Street Light Maintanance First Part Qty 1 X 420000) |
| 2022-23 | 6/23-തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി അടങ്കൽ-ധനകാര്യകമ്മീഷൻ ഗ്രാന്റ്-11,00,000/- | **42200648** | 6/11/22 | 4,00,000 | പവർ ഓൺ കംപ്ലീറ്റ് സൊല്യൂഷൻ എരുമപ്പെട്ടി എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് 1,തീയ്യതി 28/9/22 തുക 400000.(Street Light Maintanance Final Bill Qty 1 X 400000) |
| | | **42201119** | 24/2/23 | 3,40,000 | പവർ ഓൺ കംപ്ലിറ്റ് സൊല്യൂഷൻ എരുമപ്പെട്ടി എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് 30തീയ്യതി 16/12/22 തുക 340000.(Street Light Maintanance Final Bill Qty ഇല്ല X 340000) |
| | | **42201283** | 29/3/23 | 3,50,000 | പവർ ഓൺ കംപ്ലിറ്റ് സൊല്യൂഷൻ എരുമപ്പെട്ടി എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് 50തീയ്യതി 28/3/22 തുക 350000.(Street Light Maintanance Final Bill Qty ഇല്ല |

| | | | | |
|---|---|---|---|---|
| | | | | X 350000) |

മാടക്കത്തറ ഗ്രാമപഞ്ചായത്തിലെ 2021-22 ലെ തെരുവുവിളക്ക് പ്രോജക്റ്റ് പ്രകാരം തെരുവുവിളക്ക് മെയിന്റനൻസിന് 3/11/21 ൽ A6-4013/21 നമ്പർ ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിക്കുകയും ടെണ്ടർ ക്ഷണിച്ച് കുറവ് നിരക്ക് രേഖപ്പെടുത്തിയ ശ്രീ ഷൈജു സി എസ് എന്നയാൾക്ക് കരാർ നല്കുന്നതിന് ഭരണസമിതി 8.12.21 ൽ 8/2 നമ്പർ തീരുമാനം പ്രകാരം സെക്രട്ടറി കരാറിലേർപ്പെട്ടിട്ടുണ്ട്.

ടെണ്ടർ വ്യവസ്ഥകളിലെ പ്രസക്തമായ വ്യവസ്ഥകൾ താഴെ ചേർക്കുന്നു.
ക്രമ.2. മാടക്കത്തറ ഗ്രാമപഞ്ചായത്തിലെ മുഴുവൻ ഡബിൾ ട്യൂബ് സെറ്റ്, എൽ ഇ ഡി ലൈറ്റുകൾ,എൽ ഇ ഡി ബൾബുകൾ എന്നിവ ഒരു വർഷ കാലയളവിലേയ്ക്ക് പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ തുകയാണ് രേഖപ്പെടുത്തേണ്ടത്.

ക്രമ.12. കരാർ തുക 4 തുല്യഗഡുക്കളായി കരാറുകാരന് മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് പ്രകാരം അനുവദിക്കുന്നതാണ്. ആദ്യഗഡു കരാർ പ്രകാരമുള്ള പ്രവൃത്തി ആരംഭിച്ച് മൂന്നുമാസം പൂർത്തീകരിക്കുന്ന മുറയ്ക്കും തുടർന്നുള്ള ഓരോ മൂന്നു മാസങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് അടുത്ത ഗഡുക്കളും അനുവദിക്കുന്നതാണ്.

കുറവ് തുക ക്വാട്ട് ചെയ്ത ശ്രീ ഷൈജു സമർപ്പിച്ച ടെണ്ടർ ഷെഡ്യൂൾ ഇപ്രകാരമാണ്.

| Sl.no | Description Of Work /Item | No Of Quantity | Rate With Tax |
|---|---|---|---|
| 1.00 | Laying And Jointing PVC Pipe Head | | |
| 1.01 | Double Tube Length | 500 | 475 |
| 1.02 | LED Installation 18 Wattt | 823 | 423 |
| 1.03 | LED Light Repairing | 766 | 343 |
| 1.04 | New LED Installation | 500 | 475 |
| | | | 1716 |

ടെണ്ടർ നിബന്ധനകൾ പ്രകാരം ഒരു വിളക്ക് റിപ്പയർ ചെയ്യുന്നതിനുള്ള കുറഞ്ഞ നിരക്കാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. ശ്രീ ഷൈജുവുമായി 14/12/21 തീയ്യതിയിൽ നമ്പർ 6/21-22 നമ്പർ ആയി സെക്രട്ടറി ഒപ്പിട്ട കരാർ പ്രകാരം 14/12/21 മുതൽ 13/12/22 വരെ യുള്ള ഒരുവർഷത്തേയ്ക്ക് കരാറിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള എണ്ണം തെരുവുവിളക്കുകൾ മെയിന്റനൻസ് നടത്തേണ്ടതാണ്. എന്നാൽ കരാറിന്റെ 8-ാമത്തെ നിബന്ധന മുതൽ അനുബന്ധം ഉൾപ്പെടെയുള്ള ഭാഗങ്ങളിൽ കരാറുകാരനോ സെക്രട്ടറിയോ ഒപ്പിട്ടിട്ടില്ല. മാത്രമല്ല അനുബന്ധം ആയി വെള്ളപേപ്പറിൽ ചേർത്തിരിക്കുന്ന ആന്വൽ മെയിന്റനൻസ് നടത്തേണ്ട തെരുവുവിളക്കുകളുടെ വിവരം ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച വിവരവുമായി പൊരുത്തപ്പെടുന്നില്ല. കരാറിന്റെ അനുബന്ധം പ്രകാരം ചേർത്തിരിക്കുന്നത് താഴെ ചേർത്തിരിക്കുന്ന പ്രകാരമാണ്.

| | |
|---|---|
| ഡബ്ബിൾ റ്റ്യൂബ് | 500 |
| ഡബ്ബിൾ റ്റ്യൂബ് മാറ്റി എൽ ഇ ഡി ലൈറ്റ് 18 വാട്ട് സ്ഥാപിക്കൽ | 823 |
| എൽ ഇ ഡി ലൈറ്റ് | 766 |

ടെണ്ടർ നോട്ടീസിൽ ചേർത്ത പുതിയ എൽ ഇ ഡി സ്ഥാപിക്കൽ എന്ന ഇനം കരാറിന്റെ ഭാഗമാക്കിയിട്ടില്ല

തുടർന്ന് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും ഇൻവോയ്സിന്റെ അടിസ്ഥാനത്തിലും ഒരു വർഷത്തേയ്ക്ക് കരാർ കാലയളവിൽ 14/12/21 മുത ൽ 13/12/23 വരെ 3 ഗഡുക്കളായി 11,60,000 രൂപ നല്കിയിട്ടുണ്ട്. പിന്നീട് ഭരണസമിതിയുടെ 07.12.22 ലെ 1/2 നമ്പർ തീരുമാനം പ്രകാരം "…. ടി പ്രവൃത്തിയുടെ കരാറിന്റെ കാലാവധി 13/12/22 ന് അവസാനിക്കുന്നതിനാൽ തുടർന്ന് പ്രവൃത്തി നിർവ്വഹണം നടത്തുന്നതിനായി കരാർ കാലാവധി 31/3/23 വരെ നീട്ടി നല്കുന്നതിന് ഐക്യകണ്ഠേന തീരുമാനിച്ചു. അഡീഷണൽ എഗ്രിമെന്റ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ലഭ്യമാക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും സെക്രട്ടറിയ്ക്ക് അനുമതി നല്കി തീരുമാനിച്ചു."തുടർന്ന് 14/12/22 മുതൽ 31/3/23 വരെയുള്ള തുക 3,50,000 രൂപ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലും വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും നല്കിയിട്ടുണ്ട്.

മേൽ പ്രോജക്റ്റ് നടത്തിപ്പിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ ഉണ്ട്.

**I) കരാർ തുക 11.60 ലക്ഷം കണക്കാക്കി കരാറുകാരന് നല്കിയത് എങ്ങിനെ കണക്കാക്കിയതാണെന്ന് വ്യക്തതയില്ല**

ആദ്യ വർഷത്തെ കരാർ തുകയായി 11,60,000 രൂപയും പിന്നീട് കരാർ പുതുക്കിയ കാലയളവായ 31/3/23 വരെ 350000 രൂപയും നല്കിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. കരാറിൽ തുക രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. മെമ്പർമാരുടെ സാക്ഷ്യപത്രത്തിലോ ഇൻവോയ്സിലോ റിപ്പയർ ചെയ്തതിന്റെ വിവരങ്ങൾ ഇല്ലാത്തതാണ്. റിപ്പയർ ചെയ്ത തെരുവുവിളക്കുകളുടെ എണ്ണം, ആയതിന് ടെണ്ടർ ഷെഡ്യൂൾ പ്രകാരം നല്കാവുന്ന നിരക്ക് എന്നിവ കണക്കാക്കിയിട്ടില്ലാത്തതാണ്. എപ്രകാരമാണ് തുക കണക്കാക്കി കരാറുകാരന് നല്കിയതെന്ന് വ്യക്തതയില്ല.

**II) വ്യക്തമായ കാരണമില്ലാതെ കരാർ കാലാവധി ദീർഘിപ്പിച്ചു. 3.50 ലക്ഷം കണക്കാക്കി നല്കിയതിന് വ്യക്തതയില്ല. കരാർ കാലാവധി പൂർത്തിയാകുന്നതിന് മുമ്പ് തുക നല്കി.**

കരാർ കാലാവധി കഴിയുന്ന മുറയ്ക്ക് വ്യക്തമായ കാരണം രേഖപ്പെടുത്താതെയാണ് കരാറുകാരന് കരാർ നീട്ടി കൊടുത്തത്. കരാറുകാരനുമായി കരാറിലേർപ്പെട്ടിട്ടില്ലാത്തതാണ്. 200 രൂപയുടെ ബ്ലാങ്ക് മുദ്രപത്രം മാത്രമാണ് ഫയലിൽ ഉള്ളത്. കാലാവധി നീട്ടി നല്കിയ 3 മാസത്തേയ്ക്ക് കരാറുകാരന് നല്കേണ്ട തുക ഭരണസമിതി തീരുമാനത്തിൽ പരാമർശിച്ചിട്ടില്ല. . 31/3/23 വരെ കരാർ കാലാവധിയുള്ളപ്പോൾ 29/3/23 ന് മെമ്പർമാരിൽ നിന്ന് സാക്ഷ്യപത്രം ലഭ്യമാക്കി 3,50,000 രൂപ കരാറുകാരന് അനുവദിച്ചത് അടിസ്ഥാനമാക്കിയ മാനദണ്ഡങ്ങൾ വ്യക്തമല്ല.

വ്യക്തമായ രേഖകളുടെ അഭാവത്തിൽ ഓഡിറ്റ് വർഷം നല്കിയ 10,90,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക നല്കിയതിനെ സാധൂകരിക്കുന്ന രീതിയിലുള്ള രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി 14 /4.12.2023, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-22 ലൈഫ് ഭവന പദ്ധതി - 4,50,000 രൂപ ധനസഹായം നല്കി- 50,000 രൂപ തിരികെ ഈടാക്കേണ്ടതാണ്

നിർവ്വഹണം- വി.ഇ.ഒ കരുവൻകാട്

| പ്രോജക്റ്റ് | വൗച്ചർ നമ്പർ | തീയ്യതി | ആകെ വൗച്ചർ തുക | ശ്രീമതി ലീല മോഹനൻ എന്ന ഗുണഭോക്താവിന് നല്കിയത് |
|---|---|---|---|---|
| 09/23- ലൈഫ് മിഷൻ ഭൂമിയുള്ള ഭവന രഹിതർക്ക് പാർപ്പിട നിർമാണം- ജനറൽ (അടങ്കൽ -വികസനഫണ്ട് -ജനറൽ- 2970000,ബ്ലോക്ക് വിഹിതം- 1070000) | **42201415** | 24/9/22 | 120000 | 40,000 |
| | **42201497** | 23/12/22 | 230000 | 1,30,000 |
| | **42201559** | 21/2/23 | 560000 | 50,000 |
| | **42201579** | 16/3/23 | 370000 | 50,000 |
| | **42201639** | 31/3/23 | 510000 | 50,000 |
| | **42201514** | 9/1/23 | 360000 | 100000 |
| 34/23- ലൈഫ് മിഷൻ ഭൂമിയുള്ള ഭവന രഹിതർക്ക് പാർപ്പിട നിർമാണം- ജനറൽ (അടങ്കൽ വികസനഫണ്ട് | **42201495** | 23/12/22 | 160000 | 30,000 |
| | ആകെ | | | 4,50,000 |

| | | | |
|---|---|---|---|
| -ജനറൽ -390,000) | | | |

ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് (ജനറൽ) അർഹമായ ധനസഹായം സർക്കാർ ഉത്തരവ് (കൈ)നമ്പർ 34/2018 തസ്വഭവ തീയ്യതി 16.3.2018 പ്രകാരം 4,00,000 രൂപ ആണെന്നിരിക്കെ ശ്രീമതി ലീല മോഹനൻ, മൂർത്തിങ്കൽ വീട്, മാറ്റാംപുറം എന്ന ഗുണഭോക്താവിന് 4,50,000 രൂപ നല്കിയിട്ടുണ്ട്. അധികമായി നല്കിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി 12 /1.12.2023 , മറുപടി ലഭ്യമാക്കിയിട്ടില്ല.)

**1-23 "ഗ്രാമശ്രീ" -ഭവന നിർമാണ ബോർഡിന്റെ പ്രോജക്റ്റിന് 5 ഗുണഭോക്താക്കൾക്ക് വേണ്ടി ഗ്രാമപഞ്ചായത്ത് നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.**

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്റ്റ് | വൗച്ചർ | തീയ്യതി | തുക | സ്ഥാപനത്തിന്റെ രസീത് |
|---|---|---|---|---|
| 215/23 –ഭവനരഹിതർക്ക് ഗൃഹശ്രീ പദ്ധതി- ഭവന നിർമാണ ബോർഡിന് തുക കൈമാറൽ (അടങ്കൽ – തനത് ഫണ്ട് 500000) | 22201322 | 29/3/23 | 500000 | 263553 തീയ്യതി 31/3/23 ( ഗ്രാമശ്രീ സ്പോൺസർഷിപ്പ് തുക എന്ന് രസീതിൽ രേഖപ്പെടുത്തിയിരിക്കുന്നു. |

സർക്കാർ ഉത്തരവ് 55/2023/HSG തീയ്യതി 3/7/23 പ്രകാരം ഭവന നിർമാണ ബോർഡ് നടപ്പാക്കുന്ന ഭവന ശ്രീ പദ്ധതിയിലേയ്ക്ക് 3 ലക്ഷം രൂപ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടാത്ത ദുർബല വിഭാഗത്തിൽപ്പെട്ട/ താഴ്ന്ന വരുമാന വിഭാഗത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് സർക്കാർ സബ്സിഡിയായി നല്കുന്നതാണ്. ബാക്കി തുക സന്നദ്ധ സംഘടന/എൻ.ജി.ഒ./കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരിൽ നിന്ന് സഹായം സ്വീകരിക്കാവുന്നതാണ്. പദ്ധതിയുടെ മാർഗരേഖ പ്രകാരം 100000 രൂപയാണ് ഒരു ഗുണഭോക്താവിനെ സ്പോൺസർ ചെയ്യുന്നതിനുള്ള തുക. അതായത് 400000 രൂപയാണ് ഒരു ഗുണഭോക്താവിന് ലഭിക്കുക.10/8/23 ലെ ഭരണസമിതി തീരുമാനം നമ്പർ 1/10 പ്രകാരം ഗ്രാമപഞ്ചായത്ത് 18 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ഭവന നിർമാണ ബോർഡിന് കൈമാറുകയും സ്പോൺസർഷിപ്പ് ഇനത്തിൽ 5,00,000 രൂപ 2022-23 വർഷം ഭവന നിർമാണ ബോർഡിന് മാടക്കത്തറ ഗ്രാമപഞ്ചായത്ത് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രോജക്റ്റ് നടപ്പാക്കിയതുമായി ബന്ധപ്പെട്ട് താഴെ ചേർത്തിരിക്കുന്ന നിരീക്ഷണങ്ങൾ ചേർക്കുന്നു.

I)സർക്കാർ ഉത്തരവ്പ്രകാരം ഭവന നിർമാണ ബോർഡിന്റെ ഈ പദ്ധതിയിൽ സന്നദ്ധ സംഘടന/എൻ.ജി.ഒ. /കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരിൽ നിന്നാണ് സ്പോൺസർഷിപ്പ് ലഭ്യമാക്കേണ്ടത്. ബാക്കി തുക സർക്കാർ വഹിക്കുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഏതെങ്കിലും ഫണ്ട് ഉപയോഗിച്ച് സ്പോൺസർ ചെയ്യാൻ സർക്കാർ ഉത്തരവിൽ നിർദ്ദേശമില്ലാത്തതാണ്. സന്നദ്ധ സംഘടന/എൻ.ജി.ഒ./കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരിൽ നിന്നും സ്പോൺസർഷിപ്പ് ലഭ്യമാക്കി ദുർബല വിഭാഗത്തിൽപ്പെടുന്നവർക്ക് പരമാവധി വീടുകൾ ലഭ്യമാക്കുക എന്നതാണ് ഭവനനിർമാണ ബോർഡിന്റെ ഗ്രാമശ്രീ പദ്ധതി ഉദ്ദേശിക്കുന്നത് എന്നതിനാലും സർക്കാർ ഉത്തരവിൽ പ്രത്യക്ഷത്തിൽ തന്നെ പഞ്ചായത്തിനെയോ സർക്കാർ വകുപ്പുകളെയോ സ്പോൺസർമാരായി വിഭാവനം ചെയ്തിട്ടില്ലാത്തതിനാലും പഞ്ചായത്തിന്റെ തനത് ഫണ്ട് പോലെയുള്ള പൊതുഫണ്ട് ഉപയോഗിച്ച് വീണ്ടും പദ്ധതി സ്പോൺസർ ചെയ്യേണ്ടതുണ്ടോ എന്ന് സ്പഷ്ടീകരണം നേടുന്നത് ഉചിതമായിരിക്കും.

II) പഞ്ചായത്ത് നല്കുന്ന ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുന്നവർക്കാണ് ഭവന നിർമാണം നടത്തുകയെന്നതു സംബന്ധിച്ചും നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു് സംബന്ധിച്ചും ഗ്രാമവികസന

ബോർഡുമായി കരാറിലേർപ്പെട്ടിട്ടില്ലാത്തതാണ്. 2022-23 ൽ നല്കിയ 500000 രൂപയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതാണ്.

മേൽ വിവരങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 12 /1.12.2023- മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-24 ബാലസഭ-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം തുക ചെലവഴിച്ച -24000/- രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് നം. 180/23- ബാലസഭ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ

അടങ്കൽ/ചെലവ് – 40,000/- (വികസനഫണ്ട് – ജനറൽ)

വൗച്ചർ നം.42201643/31.03.2023, തുക – 40,000/-

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/തസ്വഭവ/28.05.2022 ഖണ്ഡിക 7.7.10 പ്രകാരം വാർഡ് ഒന്നിന് 1000/- രൂപയാണ് ബാലസഭയ്ക്കായി ഗ്രാമപഞ്ചായത്തിന് ചെലവഴിക്കാവുന്നത്. എന്നാൽ 16 വാർഡ് മാത്രമുള്ള മാടക്കത്തറ ഗ്രാമ പഞ്ചായത്ത് ആകെ 16000/-രൂപ കുടുംബശ്രീയ്ക്ക് കൈമാറേണ്ടതിനു പകരം 40000/- രൂപ ചെലവഴിച്ചിട്ടുണ്ട്. അധികം തുക നൽകിയതിൽ മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/01.12.2023) മറുപടിയായി അധികം നൽകിയ 24000/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടവാക്കുന്നതാണെന്നറിയിച്ചു. അധികം ചെലവഴിച്ച 24000/- രൂപ തിരിച്ചടച്ച് അറിയിയ്ക്കേണ്ടതാണ്. അതുവരെ അധികം ചെലവഴിച്ച 24000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-25 എസ്റ്റിമേറ്റ് ഇല്ലാതെയും കരാറിലേർപ്പെടാതെയും കെഎസ്ഇബി യ്ക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾ ചെയ്യുന്നതിന് മുൻകൂർ നല്കി

നിർവ്വഹണം – സെക്രട്ടറി

| പ്രോജക്റ്റ് | ക്ര നമ്പർ | വൗച്ചർ | തീയ്യതി | തുക | ബുക്ക് ചെയ്ത ശീർഷകം | തുക നല്കിയതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|---|
| 190/23 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (അടങ്കൽ/വികസനഫണ്ട് ജനറൽ-38924, തനത് -160000) | 1 | 42200776 | 11/12/22 | 36015 | 251200001 Electric Line-Post Re-Arrangement | AS-5267-22-23/13 തീയ്യതി 11/5/23 നമ്പർ കത്ത് പ്രകാരം അസി.എഞ്ചിനീയർ കെ എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ രാമവർമപുരത്തിന് നല്കിയ തുക |
| | 2 | 42200953 | 28/1/23 | 23174 | | DB/AE/ES /RVP/2022-23/436/ തീയ്യതി 25/1/23 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ അസി.എഞ്ചിനീയർ കെ എസ് ഇ ബി, ഇലക്ട്രിക്കൽ സെക്ഷൻ രാമവർമപുരത്തിന് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | നല്കിയ തുക |
| | 3 | 42201039 | 6/2/23 | 33457 | | നമ്പർ ഇല്ല തീയ്യതി 18/1/23 ലെ കത്തിന്റെ അടിസ്ഥാനത്തിൽ കെ എസ് ഇ ബി, ഇലക്ട്രിക്കൽ സെക്ഷൻ മണ്ണത്തിയ്ക്ക് നല്കിയ തുക |
| | 4 | 42201289 | 29/3/23 | 46850 | | DB30/DEMAND 22-23MDKA GP/53 തീയ്യതി 25-3-23 കത്ത്, വിശദമായ എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ അസി.എഞ്ചിനീയർ കെ എസ് ഇ ബി, ഇലക്ട്രിക്കൽ സെക്ഷൻ പുന്നംപറമ്പിന് അടവാക്കിയ തുക |
| | 5 | 42201580 | 17/3/23 | 38924 | | നമ്പർ ഇല്ല തീയ്യതി 20-1-23 കത്ത്, വിശദമായ എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ അസി.എഞ്ചിനീയർ കെ എസ് ഇ ബി, ഇലക്ട്രിക്കൽ സെക്ഷൻ മണ്ണത്തിയ്ക്ക് അടവാക്കിയ തുക |
| 224/23-സ്ട്രീറ്റ് ലൈൻ വലിക്കൽ (അടങ്കൽ- ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 41654, തനത്-34261) | **6** | **42201406** **42201694** (ശീർഷകം തിരുത്തിയ വൗച്ചർ) | 29/8/22 31/3/23 | 41654 | 460500202 Advance To Implementing Agencies - Deposit With Kerala Electricity Board | അസി.എഞ്ചിനീയർ കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ മണ്ണത്തിയ്ക്ക് നല്കിയ തുക |
| | 7 | 42200456 | 03-09-22 | 34261 | 414200001 Electricity Line Extension- | തനത് ഫണ്ടിൽ നിന്ന് പിൻവലിച്ച തുക റീ ക്ലപ്പ് ചെയ്തത് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | Electric Line For Home | |

മേൽ പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തിയ്ക്ക് തുക നല്കിയപ്പോൾ മാർഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വിവരങ്ങൾ താഴെ ചേർക്കുന്നു.

I)സർക്കാർ ഉത്തരവ് (കൈ)നം 84/2022 തസ്വഭവ തീയ്യതി 19/4/22 ഖണ്ഡിക 12.2 (ഡി)(ii) പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നല്കുന്നതിന് മുമ്പ് കെ എസ് ഇ ബി യിൽ നിന്നും എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കി കരാറിൽ ഏർപ്പെട്ട ശേഷമേ തുക നല്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ മേൽ പട്ടികയിൽ സൂചിപ്പിച്ച ഡെപ്പോസിറ്റ് പ്രവൃത്തികൾ നടപ്പാക്കുന്നതിന് കെഎസ്ഇബി യിൽ നിന്നും ലഭ്യമാക്കിയ ഭരണാനുമതി, തുക ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രം തുക നല്കിയിരിക്കുന്നു.( 2 പ്രവൃത്തികൾക്ക് വിശദമായ എസ്റ്റിമേറ്റ് ഉണ്ട്( ക്ര.ന 4,5 )) എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കുകയോ കെഎസ് ഇ ബി യുമായി കരാറിലേർപ്പെടുകയോ ചെയ്തിട്ടില്ല. നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രം , ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

Ii) പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് കെഎസ് ഇ ബി യ്ക്ക് തുക മുൻകൂർ ആയി നല്കിയിട്ടുള്ളതിനാൽ "460500202 Advance To Implementing Agencies - Deposit With Kerala Electricity Board "എന്ന ശീർഷകത്തിൽ ബുക്ക് ചെയ്യേണ്ടിയിരുന്നതും പൂർത്തീകരണ , ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്ന മുറയ്ക്ക് മാത്രം അതാത് ആസ്തി / ചെലവ് ശീർഷകത്തിൽ ബുക്ക് ചെയ്യേണ്ടിയിരുന്നതുമാണ്. എന്നാൽ ക്ര.ന 6 ഒഴികെയുള്ള വൗച്ചറുകൾ പ്രകാരം തുക നല്കിയപ്പോൾ അതാത് ചെലവ് ശീർഷകങ്ങളിൽ ബുക്ക് ചെയ്തതിനാൽ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, ബാലൻസ്ഷീറ്റ് എന്നിവ മേൽ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.
പ്രവൃത്തികൾ എല്ലാം പൂർത്തീകരിച്ചതാണെന്നും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നല്കിയതായും മറുപടി നല്കിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി 9 തീയ്യതി 30/11/23). ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിന്റെയും കരാറിന്റെയും അടിസ്ഥാനത്തിൽ മാത്രം തുക നല്കേണ്ടതാണ്.തുക നല്കുമ്പോൾ കൃത്യമായ മുൻകൂർ ശീർഷകങ്ങളിൽ ചെലവ് ബുക്ക് ചെയ്യേണ്ടതാണ്.

## 1-26 പരിശീലന പരിപാടി- പങ്കെടുത്തവരുടെ എണ്ണം പരിഗണിക്കാതെ തുക നല്കിയതിനാൽ -12,000 രൂപ അധികം നല്കിയത് നിരാകരിക്കുന്നു

നിർവ്വഹണം - സെക്രട്ടറി

| പ്രോജക്റ്റ് | വൗച്ചർ നമ്പർ | തീയതി | തുക | ചെലവിന്റെ വിവരങ്ങൾ |
|---|---|---|---|---|
| 214-ഭിന്നശേഷിക്കാരായ കുട്ടികൾകളുടെ അമ്മമാർക്ക് സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിന് പരിശീലനവും ധനസഹായവും (അടങ്കൽ - തനത്ഫണ്ട് -100000) | **42201235** (അക്രൂവൽ-ജേണൽ വൗച്ചർ) 22201265 (പേയ്മെന്റ് വൗച്ചർ) | 15.0323 18.03.23 | 90000 | തൃശ്ശൂർ ജില്ലാ ഇൻഡസ്ട്രിയൽ മാനുഫാക്ച്ചേഴ്സ് സഹകരണ സംഘം തൃശ്ശൂർ എന്ന സ്ഥാപനത്തിന് നല്കിയ തുക. (ഇൻവോയ്സ് ഇല്ല, കത്ത് 481/23 തീയ്യതി 26/2/23) |

മേൽ പ്രോജക്റ്റ് പ്രകാരം ഭിന്നശേഷിക്കാരായ കുട്ടികൾക്കും അമ്മമാർക്കും പേപ്പർ ബാഗ്, സ്ക്രീൻ പ്രിന്റിംഗ് & കുടനിർമാണം തൊഴിൽ പരിശീലനം നല്കിയതിന് തൃശ്ശൂർ ജില്ലാ ഇൻഡസ്ട്രിയൽ മാനുഫാക്ച്ചേഴ്സ് സഹകരണ

സംഘത്തിന് 90,000 രൂപ നല്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സ്ഥാപനവുമായി ഏർപ്പെട്ട കരാർ നിബന്ധന 1 പ്രകാരം സ്ഥാപനം 30 ഗുണഭോക്താക്കൾക്ക് പരിശീലനം നല്കുന്നതായിരിക്കും. നിബന്ധന 3 പ്രകാരം ആകെ പരിശീലന ചെലവ് 90,000 രൂപ ആയിരിക്കും. 3.1 പ്രകാരം പേപ്പർ ബാഗ് & സ്ക്രീൻ പ്രിന്റിംഗ് പരിശീലനത്തിന് ഒരു വ്യക്തിയ്ക്ക് 1000 രൂപയും കുടനിർമാണ പരിശീലനത്തിന് ഒരാൾക്ക് 2000 രൂപയും നല്കേണ്ടതാണ്. നിബന്ധന 5 പ്രകാരം നിശ്ചിത എണ്ണത്തിൽ കൂടുതൽ ആളുകൾ പങ്കെടുക്കുകയാണെങ്കിൽ ആനുപാതികമായി പരിശീലന ഫീസ് നല്കണമെന്നും കരാറിൽ നിഷ്കർഷിക്കുന്നുണ്ട്.

തൃശ്ശൂർ ജില്ലാ ഇൻഡസ്ട്രിയൽ മാനുഫാക്ചേഴ്സ് സഹകരണ സംഘം നല്കിയ കത്തിനോട് അനുബന്ധമായി ചേർത്തിട്ടുള്ള ഹാജർ പത്രിക പ്രകാരം 2 പരിശീലനത്തിനും 24 (ഒരേ ആളുകൾ) പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. (പേപ്പർ ബാഗ് & സ്ക്രീൻ പ്രിന്റിംഗ് പരിശീലനത്തിന്റെ ഹാജർ പത്രിക പ്രകാരം ക്രമ നം. 14, 21 ആയി ഒപ്പിട്ടുള്ളത് സരസ്വതി എന്ന ഒരാളാണ്. ഈ ഇരട്ടിപ്പ് ഒഴിവാക്കിയാണ് ഓഡിറ്റിൽ എണ്ണം കണക്കാക്കിയത്). ആയതിനാൽ പരിശീലനം നടത്തിയ സ്ഥാപനത്തിന് നല്കാവുന്ന തുക 24 X 3000 = 72,000 രൂപയാണ്. നിശ്ചിത എണ്ണത്തിൽ കുറവ് ആളുകൾ പങ്കെടുത്താലും കുറഞ്ഞ തുകയായ 90,000 രൂപ നല്കണമെന്ന് കരാറിൽ വ്യവസ്ഥയില്ലാത്തതാണ്. ആയതിനാൽ കൂടുതലായി സ്ഥാപനത്തിന് നല്കിയ 18000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക സ്ഥാപനത്തിൽ നിന്നോ തുക കൂടുതലായി നല്കിയ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി 9/30.11.23) മറുപടിയായി പരിശീലനത്തിന് 30 അംഗങ്ങൾ രജിസ്റ്റർ ചെയ്തതായും പരിശീലന സമയത്ത് 2 കുട്ടികളും അമ്മമാരും പരിശീലനത്തിൽ പങ്കെടുത്തില്ല എന്നും 30 പേർക്കുള്ള സാധന സാമഗ്രികളും ഭക്ഷണവും മുൻകൂട്ടി തയ്യാറാക്കിയതിനാൽ കരാർ പ്രകാരം 90,000 രൂപ നല്കിയെന്നും ആ തുകയ്ക്കുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി എന്നും അറിയിച്ചിട്ടുണ്ട്. കരാർ പ്രകാരം തുക നല്കിയെന്നുള്ള മറുപടി ശരിയല്ല. നിശ്ചിത എണ്ണത്തിൽ കുറവ് ആളുകൾ പങ്കെടുത്താലും കുറഞ്ഞ തുകയായ 90,000 രൂപ നല്കണമെന്ന് കരാറിൽ വ്യവസ്ഥയില്ലാത്തതിനാലും ഒരാൾക്ക് നിശ്ചയിച്ച നിരക്ക് 3000 രൂപ ആയതിനാലും മറുപടി അംഗീകരിക്കുന്നില്ല.

**1-27 കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്ത് മുതൽക്കൂട്ടേണ്ടതാണ്.**

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി കുഴിച്ചെടുത്ത 206.17 ക്യൂബിക് മീറ്റർ മണ്ണിന്റെ വിനിയോഗ വിവരം എം. ബുക്കിൽ രേഖപ്പെടുത്തുകയോ മൂല്യം കണക്കാക്കി സെക്രട്ടറിക്ക് കൈമാറുകയോ ചെയ്തിട്ടില്ല. ലേല രജിസ്റ്റർ പ്രകാരം ഈ മണ്ണ് ലേലം ചെയ്ത് കൊടുത്തിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 71/23 |
| പ്രോജക്ടിന്റെ പേര് | മാടക്കത്തറ വില്ലേജ് ഓഫീസ് റോഡിലെ കാനനിർമ്മാണം |
| കരാറുകാരൻ | ടി.കെ.ഡേവിസ്,<br>തൊകലത്ത് ഹൗസ്,<br>ഒല്ലൂക്കര. |
| മണ്ണിന്റെ അളവ് | 206.17 എം3 |
| എം. ബുക്ക് നമ്പർ | 298/2019-20 |
| ചെലവ് തുക | ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>അടങ്കൽ - 1390000/-<br>ചെലവു തുക - 1238794/- |
| വൗച്ചർ നമ്പർ/തീയതി | 42201518/11.1.23 – 580954/-<br>42201377/29.6.22 –657840/<br>ആകെ - 1238794/ |

വിപണിയിൽ വൻ വിലയുള്ള റെഡ് എർത്ത് പഞ്ചായത്ത് ഗ്രൗണ്ടിൽ സുരക്ഷിതത്വമില്ലാതെ കൂട്ടിയിടുന്നത് നഷ്ടപ്പെട്ടുപോകുന്നതിന് ഇടയാക്കും. ജിയോളജി വകുപ്പിൽ നിന്നും പെർമിറ്റ് ലഭ്യമാക്കി മണ്ണ് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.13/04.12.13)

## 1-28 കരാറിലേർപ്പെടാതെ PWDയ്ക്ക് ഡെപ്പോസിറ്റ് പ്രവൃത്തി ചെയ്യുന്നതിന് മുൻകൂർ നല്കി.

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (കുടുംബാരോഗ്യകേന്ദ്രം)

മാടക്കത്തറ കുടുംബാരോഗ്യ കേന്ദ്രത്തിലെ ലാബിലേക്ക് PWD ഇലക്ട്രിക്കൽ സെക്ഷൻ മുഖേന AC സ്ഥാപിക്കുന്നതിനുള്ള തുകയായ 95900 രൂപ മാടക്കത്തറ കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറിൽ നിന്നും എക്സിക്യൂട്ടീവ് എൻജിനീയർ PWD ഇലക്ട്രിക്കൽ ഡിവിഷൻ എന്നവർക്ക് കൈമാറിയിട്ടുണ്ട്.

പ്രൊജക്റ്റ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം./പേര് | വൗച്ചർ | തീയ്യതി | തുക | ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|---|
| 233/23-2021-22 ഹെൽത്ത് ഗ്രാന്റ് സ്കീം 4 ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കുക (അടങ്കൽ -2,73,981 ഹെൽത്ത് ഗ്രാന്റ് ) | 42201696 | 31.3.23 | 95,900 | 251110515 Health Related Activities |

മേൽ പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തിയ്ക്ക് തുക നല്കിയപ്പോൾ മാർഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വിവരങ്ങൾ താഴെ ചേർക്കുന്നു.

I)സർക്കാർ ഉത്തരവ് (കൈ)നം 84/2022 തസ്വഭവ തീയ്യതി 19/4/22 ഖണ്ഡിക 12.2 (ഡി)(ii) പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നല്കുന്നതിന് മുമ്പ് PWD യിൽ നിന്നും എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കി കരാറിൽ ഏർപ്പെട്ട ശേഷമെ തുക നല്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ മേൽ പട്ടികയിൽ സൂചിപ്പിച്ച ഡെപ്പോസിറ്റ് പ്രവൃത്തികൾ നടപ്പാക്കുന്നതിന് PWD യിൽ നിന്നും ലഭ്യമാക്കിയ ഭരണാനുമതി, തുക ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രം തുക നൽകിയിരിക്കുന്നു. എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കുകയോ PWD യുമായി കരാറിലേർപ്പെടുകയോ ചെയ്തിട്ടില്ല. നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രം , ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

Ii) പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് PWD യ്ക്ക് തുക മുൻകൂർ ആയി നല്കിയിട്ടുള്ളതിനാൽ “460500202 Advance To Implementing Agencies - ഡെപ്പോസിറ്റ് വിത്ത് പബ്ലിക് വർക്സ് ഡിപ്പാർട്മെൻറ്” എന്ന ശീർഷകത്തിൽ ബുക്ക് ചെയ്യേണ്ടിയിരുന്നതും പൂർത്തീകരണ, ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്ന മുറയ്ക്ക് മാത്രം അതാത് ആസ്തി/ചെലവ് ശീർഷകത്തിൽ ബുക്ക് ചെയ്യേണ്ടിയിരുന്നതുമാണ്. എന്നാൽ മേൽ സൂചിപ്പിച്ച വൗച്ചർ പ്രകാരം തുക നല്കിയപ്പോൾ അതാത് ചെലവ് ശീർഷകങ്ങളിൽ ബുക്ക് ചെയ്തതിനാൽ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, ബാലൻസ്ഷീറ്റ് എന്നിവ മേൽ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറക്ക് ഫൈനൽ ബിൽ, പൂർത്തീകരണ വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

